/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

# സമകാലിക ജനപഥം

2024 മാർച്ച് ■ പുസ്തകം 10 ■ ലക്കം 8



# നവകേരളത്തിനായി ഒരുമിച്ചു മുന്നേറാം



# നാം മുന്നോട്ട്

| ടി വി ചാനൽ | സംപ്രേഷണ സമയം |
|---|---|
| ഏഷ്യാനെറ്റ് ന്യൂസ് | ഞായർ 6.30 PM |
| മാതൃഭൂമി ന്യൂസ് | ഞായർ 8.30 PM 9.00 |
| കൈരളി | ശനി 12.30 AM repeat ശനി 6.30 AM |
| കൈരളി ന്യൂസ് | ഞായർ 9.30 AM repeat ബുധൻ 3.30 AM |
| മീഡിയ വൺ | ഞായർ 7.30 PM 8.00 |
| കൗമുദി ടിവി | ശനി 8.00 PM 8.24 |
| 24 ന്യൂസ് | ഞായർ 5.30 PM 6.00 repeat 1 AM-1.30 AM |
| ജീവൻ | ഞായർ 7.00 PM 7.24 PM |
| ജയ്ഹിന്ദ് | ബുധൻ 8.00 8.30 PM |
| റിപ്പോർട്ടർ | ഞായർ 6.30 PM 7.00 PM |
| ദൂരദർശൻ | ഞായർ 7.30 PM repeat തിങ്കൾ 9.30 PM |
| ന്യൂസ് 18 | ഞായർ 8.30 PM 9.00 PM |
| കേരള വിഷൻ | തിങ്കൾ 6.30 PM 7.00 PM |

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
ജനപഥം

2024 മാർച്ച് 1 • പുസ്തകം 10 • ലക്കം 8

എഡിറ്റർ ടി വി സുഭാഷ് ഐ എ എസ് അഡീഷണൽ എഡിറ്റർ സലിൻ മാങ്കുഴി
ഡപ്യൂട്ടി എഡിറ്റർ കെ പി സരിത എഡിറ്റർ-ഇൻ-ചാർജ് കെ എസ് ഇന്ദുശേഖർ
അസിസ്റ്റന്റ് എഡിറ്റർ പ്രഭാത് നായർ സർക്കുലേഷൻ ഓഫീസർ മെർലിൻ ജെ എൻ
കവർ & ലേഔട്ട് രതീഷ് കുമാർ (ഡിജിക്രോ) ടൈപ്പ് സെറ്റിങ്ങ് വിനിത വി എസ്

എഡിറ്റോറിയൽ >>



# സാർഥകം മുഖാമുഖം

എല്ലാവർക്കും എല്ലായിടവും വികസനവും ക്ഷേമവും പ്രാപ്തമാവുന്ന ഒരു നവകേരളനിർമ്മിതിക്കായുള്ള പ്രയത്നത്തിലാണ് കേരളം. അതിന്റെ ഭാഗമായാണ് ജനകീയ മന്ത്രിസഭ ജനങ്ങൾക്കൊപ്പം എന്ന പ്രഖ്യാപനത്തോടെ 140 നിയോജകമണ്ഡലങ്ങളിലും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നവകേരളസദസ്സ് സംഘടിപ്പിച്ചുകൊണ്ട് മന്ത്രിമാർ ജനങ്ങളിലേക്കെത്തിയത്. നവകേരളസദസ്സിൽ ഉരുത്തിരിഞ്ഞ നവകേരളസൃഷ്ടി സംബന്ധിച്ച കാഴ്ചപ്പാടുകളെ കൂടുതൽ വിശാലമാക്കുകയായിരുന്നു അടുത്ത ഘട്ടമെന്ന നിലയിൽ നടന്ന മുഖ്യമന്ത്രിയുടെ മുഖാമുഖം പരിപാടി.

ഫെബ്രുവരി 18ന് കോഴിക്കോട് വിദ്യാർഥികളുമായുള്ള സംവാദത്തിലൂടെയായിരുന്നു തുടക്കം. മാർച്ച് മൂന്നിന് കൊച്ചിയിൽ റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികളുമായുള്ള മുഖാമുഖത്തോടെ സമാപനം. കർഷകർ, തൊഴിലാളികൾ,വനിതകൾ,യുവജനങ്ങൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾ എന്നിങ്ങനെ കേരളീയസമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവരുമായുള്ള പത്ത് മുഖാമുഖ പരിപാടികളാണ് സംഘടിപ്പിക്കപ്പെട്ടത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വിലയിരുത്തുന്നതുപോലെ ആഴമുള്ള സംവാദങ്ങൾക്ക വഴിയൊരുക്കുന്നതായിരുന്നു ഇവയെല്ലാം. അതുതന്നെയാണ് മുഖാമുഖത്തിന്റെ സാർഥകതയും. മുഖാമുഖങ്ങളിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദേശങ്ങളും വികസനം, സാമൂഹികനീതി, ജിവിതസുരക്ഷ എന്നിവയിലെല്ലാമുള്ള നമ്മുടെ പുരോഗതിയെ  കൂടുതൽ തിളക്കമുറ്റതാക്കുന്ന ഒരു നവകേരള സൃഷ്ടിക്ക്  കരുത്ത് പകരുന്നതാവുമെന്ന് പ്രതീക്ഷിക്കാം.

മുഖാമുഖം സംഘടിപ്പിച്ച വിവിധ മേഖലകളിൽ സംസ്ഥാനസർക്കാർ കൈവരിച്ച നേട്ടങ്ങളിലേക്കാണ് ഈ ലക്കം ജനപഥം വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്നത്.

**ടി വി സുഭാഷ് ഐ എഎസ്**
എഡിറ്റർ

2024 MARCH 1 VOLUME 10 ISSUE 8 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

*പ്രതികരണങ്ങൾ അയക്കേണ്ട വിലാസം*
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

*വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ*
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്,
എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില, സെക്രട്ടേറിയറ്റ്
അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

*ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും*

/samakalikajanapadham/ /prd.kerala.gov.in/publications





# മുഖാമുഖം


6 നവകേരളത്തിനായി
ഒരുമിച്ചു മുന്നേറാം
പിണറായി വിജയൻ

8 ഉന്നതവിദ്യാഭ്യാസം
കാലത്തിനൊപ്പം
മുന്നേറി കേരളം

12 യുവജനക്ഷേമം
സജ്ജമാണ് സന്നദ്ധമാണ്
കേരളയുവത്വം

16 സ്ത്രീപക്ഷം
പെൺകരുത്താണ്
നവകേരളം

20 പട്ടികജാതി പട്ടികവർഗ
പിന്നാക്കവിഭാഗക്ഷേമം
ഉറപ്പാക്കി ഉണർവും
ഉന്നതിയും

24 സാംസ്കാരികകേരളം
സുഭദ്രമാണ്
സാംസ്കാരികകേരളം

28 ഭിന്നശേഷിസൗഹൃദ കേരളം
ചേർത്തുനിർത്തുന്നു
ഓരോ ചുവടിലും

32 വയോജനക്ഷേമം
വയസ്സിവിടെ
വിലങ്ങല്ല

36 തൊഴിലാളിക്ഷേമം
കേരളം
തൊഴിലാളിക്ഷേമത്തിന്റെ
മാതൃകാസ്ഥാനം

40 കൃഷി
മാറുന്ന മലയാളി
മാറുന്ന കാർഷികരംഗം




സമഗ്രനേട്ടം


44 നവകേരളത്തിന്റെ
സുവർണമുദ്രകൾ







48 കാലാവസ്ഥ
പൊള്ളുന്ന വെയിലല്ലേ
വെയിലത്ത് വാടൊല്ലേ
അഞ്ജലി വിമൽ

50 തിറകൾ
തിടമ്പേറ്റുന്ന
വയനാടൻ ഗ്രാമങ്ങൾ
രമേഷ് കുമാർ വെള്ളമുണ്ട

മാനവിക സൂചികകളിലും ക്ഷേമരംഗത്തും കേരളം കൈവരിച്ച നേട്ടങ്ങൾ ലോകമെങ്ങും വലിയ ശ്രദ്ധ നേടിയതാണ്. ഈ പുരോഗതിയെ കുറേക്കൂടി കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാനും ഒരു വികസിത നവകേരളത്തെ വാർത്തെടുക്കാനും സാധിക്കേണ്ടതുണ്ട്. കേരളത്തിന്റെ വിവിധ തുറകളിലുള്ളവരുടെ അഭിപ്രായങ്ങളും ആശയങ്ങളും ആശങ്കകളും അറിഞ്ഞുകൊണ്ട് മാത്രമേ ഈ വികസനമുന്നേറ്റം കൂടുതൽ ഊർജ്ജസ്വലമാക്കാനാകൂ.

അതിന്റെ ഭാഗമായി കേരളത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ളവരുമായി നടന്നു വരുന്ന 'നവകേരള കാഴ്ചപ്പാടുകൾ' മുഖാമുഖം പരിപാടി അവസാനിച്ചിരിക്കുന്നു. മാർച്ച് മൂന്നിന് എറണാകുളത്തെ കടവന്ത്ര രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികളുമായിട്ടായിരുന്നു അവസാന മുഖാമുഖം നടന്നത്. ഏറെ ആവേശകരമായ ഒരനുഭവമായിരുന്നു ഈ സംവാദം. പൊതുജനപങ്കാളിത്തത്തോടെയുള്ള കേരളത്തിന്റെ സുസ്ഥിരവികസനത്തെ കൂടുതൽ ഊർജസ്വലമായി മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ കാര്യങ്ങൾ ചർച്ചയിൽ ഉയർന്നുവന്നു.

# നവകേരളത്തിനായി



ഫെബ്രുവരി 18 ന് കോഴിക്കോട് വിദ്യാർഥികളുമായുള്ള സംവാദത്തോടെയാണ് മുഖാമുഖം പരിപാടി ആരംഭിച്ചത്. മുഖാമുഖം പരിപാടിയുടെ ഭാഗമായി 10 വ്യത്യസ്ത മേഖലകളിൽ നിന്നുള്ളവരുമായി സംവദിക്കാനായി. വിദ്യാർഥികളും റെസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികളും കൂടാതെ യുവജനങ്ങൾ, സ്ത്രീകൾ, വയോജനങ്ങൾ, കർഷകർ, ഭിന്നശേഷിക്കാർ, സാംസ്കാരികരംഗത്തുള്ളവർ, പട്ടികജാതി, പട്ടികവർഗവിഭാഗങ്ങൾ, തൊഴിലാളികൾ എന്നിങ്ങനെ കേരളീയസമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവരുമായിട്ടാണ് മുഖാമുഖം സംഘടിപ്പിച്ചത്.

നവകേരള നിർമ്മിതിയെന്ന ബൃഹത്തായ പ്രക്രിയയിൽ ഉൾച്ചേർക്കേണ്ട പല നിർദേശങ്ങളും ആശയങ്ങളും ഹൃദ്യമായ ഈ ചർച്ചകളിൽ നിന്നുയർന്നുവന്നു. ജനകീയവികസനമെന്ന സംസ്ഥാനസർക്കാരിന്റെ കാഴ്ചപ്പാടിനെ കുറേക്കൂടി സമ്പുഷ്ടമാക്കുന്നതായിരുന്നു ഈ ചർച്ചകൾ.

ഈ മുഖാമുഖം പരിപാടിയിൽ പങ്കുചേർന്നുകൊണ്ട് ആഴമുള്ള സംവാദങ്ങൾക്ക് വഴിയൊരുക്കിയ എല്ലാ പ്രതിനിധികൾക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. ഈ മുഖാമുഖം പരിപാടി നൽകിയ ഉൾക്കാഴ്ചയിലൂന്നിക്കൊണ്ട് ഒരു നവകേരളം സൃഷ്ടിക്കാൻ നമുക്കൊരുമിച്ച് മുന്നേറാം.■

# ഒരുമിച്ചു മുന്നേറാം



ഹൃദ്യവും ആവേശകരവുമായിരുന്നു മുഖാമുഖം പരിപാടി. ആഴമുള്ള സംവാദങ്ങൾക്കാണ് വഴിയൊരുങ്ങിയത്.



# കാലത്തിനൊപ്പം മുന്നേറി കേരളം

പുതിയ വിജ്ഞാനസമൂഹത്തെ കേരളത്തിൽ വാർത്തെടുക്കുക എന്ന ലക്ഷ്യത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾക്കാണ് ഉന്നതവിദ്യാഭ്യാസ വകുപ്പ് ചുക്കാൻ പിടിക്കുന്നത്. അക്കാദമിക തലത്തിലും അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലും മാറ്റങ്ങൾ വരുത്തി വിദ്യാർത്ഥികളെയും യുവാക്കളെയും ആകർഷിക്കുന്നതോടൊപ്പം അവരെ പ്രചോദിപ്പിക്കുന്നതിൽ കൂടി വകുപ്പ് ശ്രദ്ധ പുലർത്തുന്നുണ്ട്. ഇതുവരെയുണ്ടായിരുന്ന പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തിയും പുതിയവ നടപ്പിലാക്കിയും സർക്കാർ കാലത്തിനൊപ്പം മികവോടെ സഞ്ചരിക്കുകയാണ്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം വർദ്ധിച്ചതോടെ പൊതുസമൂഹത്തിലും അതൊരു പുത്തനുണർവായിട്ടുണ്ട്.

കാലതാമസം നേരിട്ടിരുന്ന പരീക്ഷകളും ഫലപ്രഖ്യാപനങ്ങളും സമയബന്ധിതമാക്കിയതോടെ ബിരുദ-ബിരുദാനന്തര പ്രവേശനവും ഫലപ്രഖ്യാപനവും ഏകീകരിക്കാനായി. മുൻവർഷങ്ങളിൽ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ആരംഭിച്ചിരുന്ന ബിരുദ-ബിരുദാനന്തര ക്ലാസുകൾ ജൂൺ മാസത്തിൽ തന്നെ ആരംഭിക്കുന്നതിനും തുടക്കമിട്ടു. ഒരു സെമസ്റ്ററിൽ 90 പ്രവൃത്തിദിനങ്ങൾ ഉറപ്പാക്കിയും ഉന്നതവിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റങ്ങൾ കൊണ്ടുവന്നു.

സർവകലാശാലകളുടെ തലപ്പത്ത് അന്താരാഷ്ട്ര പ്രശസ്തിയുള്ള അക്കാദമിക് വിദഗ്ധരെ നിയോഗിക്കുകയെന്ന കാഴ്ചപ്പാടോടെയാണ് കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റിയുടെ ചാൻസിലറായി

**ശാസ്ത്രസാങ്കേതിക രംഗത്തെ വളർച്ചയും പഠന-ഗവേഷണ പ്രവർത്തനങ്ങളും സമന്വയിപ്പിക്കുന്നത് ലക്ഷ്യമിട്ട് കേരള സർവകലാശാലയിൽ ഒൻപത് നൂതന പഠന വകുപ്പുകൾ കൂടി ആരംഭിക്കുകയാണ്.**

അന്താരാഷ്ട്ര പ്രശസ്തയായ നർത്തകി മല്ലികാ സാരാഭായിയെ നിയമിച്ചത്. വിദൂരവിദ്യാഭ്യാസം ഒരു കുടക്കീഴിൽ കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനത്ത് ആദ്യത്തെ ഓപ്പൺ യൂണിവേഴ്സിറ്റി - ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല കൊല്ലത്ത് പ്രവർത്തനമാരംഭിച്ചത്. ഓപ്പൺ സർവകലാശാലയുടെ ആറ് ബിരുദ-ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് യുജിസി അംഗീകാരവും ലഭിച്ചു. ബി.സി.എ., ബി.എ. പൊളിറ്റിക്കൽ സയൻസ്, ബി.എ. സൈക്കോളജി, ബി.എ. നാനോ എന്റർപ്രണർഷിപ്പ് , എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ, എം.എ. പൊളിറ്റിക്കൽ സയൻസ് എന്നീ പ്രോഗ്രാമുകൾക്കാണ് യു.ജി.സി അംഗീകാരം ലഭിച്ചത്.

## മാറ്റം ഉൾക്കൊണ്ട പ്രവർത്തനങ്ങൾ

പുതുതലമുറയെ ആകർഷിക്കുന്നതിനായി സർക്കാർ, എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ, എൻജിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, സർവകലാശാലകൾ എന്നിവിടങ്ങളിലായി നിരവധി പുതുതലമുറ പ്രോഗ്രാമുകൾ അനുവദിച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ഡിസൈൻ എൻജിനീയറിങ്, മെഷീൻ ലേണിങ്ങ്, ഡേറ്റ സയൻസ് , അഞ്ചു വർഷ ഇന്റഗ്രേറ്റഡ് എം.എ, എം.എസ്.സി പ്രോഗ്രാമുകൾ, നാനോ സയൻസ്, ലോജിസ്റ്റിക്സ്, ഡിജിറ്റൽ സർവെയിയിങ്, ഫിനാൻഷ്യൽ മാർക്കറ്റിങ് തുടങ്ങിയവയാണ് അനുവദിച്ചത്.



ശാസ്ത്രസാങ്കേതിക രംഗത്തെ വളർച്ചയും പഠന-ഗവേഷണ പ്രവർത്തനങ്ങളും സമന്വയിപ്പിക്കുന്നത് ലക്ഷ്യമിട്ട് കേരള സർവകലാശാലയിൽ ഒൻപത് നൂതന പഠനവകുപ്പുകൾ കൂടി ആരംഭിക്കുകയാണ്. സർവകലാശാലകൾക്ക് കേന്ദ്ര സർക്കാർ - യു ജി സി സൗജന്യമായി നൽകി വന്നിരുന്ന ഇ-ജേർണൽ പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ സർവകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനങ്ങൾക്കും മറ്റും അനിവാര്യമായ അക്കാദമിക വിഭവങ്ങൾ ഓൺലൈനിൽ പ്രദാനം ചെയ്യുന്നതിനുള്ള സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യവും ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്ഥാപിച്ചു.

കേരളത്തിലെ എല്ലാ കലാലയങ്ങളിലെയും വിദ്യാർഥികളുടെ വിവരങ്ങൾ വിദ്യാഭ്യാസ വിവരശേഖരണ പദ്ധതിയുടെ ഭാഗമായി ഡിജിറ്റലായി സൂക്ഷിക്കാനുള്ള സംവിധാനവും സംസ്ഥാന സർക്കാർ ഒരുക്കുകയാണ്. വിദ്യാർഥി ജീവിത രജിസ്ട്രി, മനുഷ്യവിഭവ വികസനം, അഫിലിയേറ്റഡ് കോളേജുകൾ, അധ്യാപകർ തുടങ്ങിയ വിഭാഗങ്ങളിലായി ഭരണതലം, പരീക്ഷാതലം, പഠന പരിപാലന സംവിധാനം ഇവയെല്ലാം ഉൾപ്പെടുന്ന സോഫ്റ്റ്വെയർ ഇതിന്റെ ഭാഗമായി ഉണ്ടാകും. ഇത്തരത്തിലൊന്ന് രാജ്യത്തുതന്നെ ആദ്യമായാണ് നടപ്പാക്കുന്നത്.

ഓട്ടിസം, പഠനവൈകല്യം, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവർക്കായി സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് കോളേജുകളിൽ ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പ്രത്യേക സീറ്റ് അനുവദിച്ചത് ഭിന്നശേഷി വിഭാഗത്തിൽ പെട്ടവർക്ക് കൂടുതൽ പഠനാവസരം ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ്. കോളേജ് വിദ്യാർഥികളുടെ മാനസികാരോഗ്യ പരിപാലനം ലക്ഷ്യമിട്ട് ആരംഭിച്ച ജീവനി പദ്ധതി എല്ലാ കലാലയങ്ങളിലേക്കും വ്യാപിപ്പിക്കാനും കഴിഞ്ഞു. ലൈംഗികാതിക്രമങ്ങൾ പെരുകിവരുന്ന സാഹചര്യത്തിൽ വൈകാരികസുരക്ഷ ഉറപ്പാക്കാനുള്ള കൗൺസലിങ്ങ് കേന്ദ്രങ്ങൾ എല്ലാ ക്യാംപസുകളിലും ആരംഭിക്കുന്നതിനുള്ള നടപടികളും ഈ സർക്കാർ കൈക്കൊണ്ടു.






## ഗവേഷണ രംഗത്തും പുത്തനുണർവ്

ലോകോത്തര മലയാളി ശാസ്ത്രജ്ഞനായ ഡോ. താണു പദ്മനാഭന്റെ സ്മരണാർഥം കേരള സർവകലാശാലയിൽ 88 കോടി രൂപ ചെലവിട്ട് അന്തർദേശീയ പഠനഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ അസ്ട്രോണമി ആൻഡ് അസ്ട്രോ ഫിസിക്സ് എന്ന പേരിലുള്ള പഠന കേന്ദ്രത്തിൽ അസ്ട്രോണമിയിലും ആസ്ട്രോഫിസിക്സിലും പോസ്റ്റ് ഗ്രാജ്വേറ്റ് - പി.എച്ച്.ഡി തലങ്ങളിൽ പഠനസൗകര്യമൊരുക്കും.

മലയാളികളായ ഗവേഷക പ്രതിഭകൾക്കായി കൈരളി പുരസ്കാരങ്ങൾ സമ്മാനിച്ചതും ഈ സർക്കാരിന്റെ കാലത്താണ്. നാല് മേഖലകളിലെ പുരസ്കാരങ്ങളാണ്(ഗവേഷകർ, ഗവേഷണത്തിന്, സമഗ്രസംഭാവനക്ക്, ആഗോളമായ സമഗ്രസംഭാവനക്ക് ) സമ്മാനിച്ചത്. പ്രൊഫ. എം.എസ്. വല്യത്താൻ, പ്രൊഫ. കെ.എൻ. പണിക്കർ, ഡോ. എം.ആർ. രാഘവ വാരിയർ, പ്രൊഫ. സാബു തോമസ്, പ്രൊഫ. പി. സനൽ മോഹൻ, ഡോ. സ്കറിയാ സക്കറിയാ എന്നിവർ പുരസ്കൃതരായി.

പ്രതിമാസം അരലക്ഷം രൂപ (രണ്ടാം വർഷം പ്രതിമാസം ഒരുലക്ഷം രൂപ) സംസ്ഥാനത്തിന്റെ സമഗ്രപുരോഗതിക്കും

നവീകരണത്തിനും ഉതകുന്ന ഗവേഷണങ്ങൾക്കായി നൽകുന്ന 'ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകളും വിതരണം ചെയ്തു. ഗവേഷകവിദ്യാർഥികൾക്ക് അന്താരാഷ്ട്ര ഗവേഷണപ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ സ്കോളർഷിപ്പുകൾക്ക് പത്തു കോടി രൂപ അനുവദിച്ചു. അന്താരാഷ്ട്രതലത്തിൽ അക്കാദമികമായി മുന്നിൽ നിൽക്കുന്ന മികച്ച 200 സർവകലാശാലകളിൽ ഹ്രസ്വകാല ഗവേഷണത്തിനാണ് ഗവേഷകവിദ്യാർഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുക.

കിഫ്ബി സഹായത്തോടെ കൊച്ചി സർവകലാശാലയെ വൈജ്ഞാനിക-ഗവേഷണ പ്രവർത്തനങ്ങൾക്കായുള്ള ശ്രേഷ്ഠ സർവകലാശാലയായി ഉയർത്തുന്ന പ്രവർത്തനങ്ങൾ നടന്നു വരുകയാണ്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്കുചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് സംവിധാനം രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു.

കാലാവസ്ഥാ വ്യതിയാനം, പ്ലാസ്റ്റിക് അവശിഷ്ടങ്ങളുടെ നിർമാർജനം എന്നിവയുടെ പ്രത്യാഘാതങ്ങളിൽ നിന്ന് സമുദ്ര ആവാസവ്യവസ്ഥയെയും ജീവിതത്തെയും സംരക്ഷിക്കുന്നതിനുള്ള സമഗ്രമായ സംവിധാനം നിർമിക്കുവാനുള്ള യൂറോപ്യൻ യൂണിയന്റെ ഒരു കോടി രൂപയുടെ ഇക്കോമറൈൻ പ്രൊജക്റ്റിൽ കേരള സർവകലാശാല പങ്കാളിയായി.

## സമത്വത്തിന്റെ പാതയിൽ കലാലയങ്ങൾ

ലിംഗനീതിയും തുല്യപദവിയും ഉറപ്പാക്കാനുള്ള ഉദ്യമങ്ങളുടെ ഭാഗമായിട്ടാണ് സംസ്ഥാനത്തെ ഐഎച്ച്ആർഡി എഞ്ചിനീയറിങ്ങ് കോളേജുകളിലെ വിദ്യാർഥികൾക്ക് ജെൻഡർ ന്യൂട്രൽ യൂണിഫോം ഏർപ്പെടുത്തിയത്. അധ്യാപികമാരുടെ വസ്ത്രധാരണത്തിൽ മാനേജ്മെന്റുകളുടെ ഇടപെടൽ കർശനമായി വിലക്കി ഉത്തരവ് പുറപ്പെടുവിച്ചു. സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ അധ്യാപകർക്ക് ഇഷ്ടമുള്ള - മാന്യമായ - ഏതു വസ്ത്രവും ധരിക്കാനുള്ള അവകാശം അതിലൂടെ സാധ്യമായി.

സർവകലാശാലാ നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിച്ചതും ഈ സർക്കാരിന്റെ കാലത്താണ്. കൂടാതെ, ജനാധിപത്യപരമായ പ്രവർത്തനങ്ങളും അക്കാദമിക് സ്വയംഭരണവും ഉന്നതവിദ്യാഭ്യാസരംഗത്ത് ഉറപ്പു വരുത്തുന്നതിലും ശ്രദ്ധേയമായ ഇടപെടൽ നടത്തി.

തിരുവനന്തപുരം വനിതാ എൻജിനീയറിങ് കോളേജിലെ വിദ്യാർഥിനികളുടെ മേൽനോട്ടത്തിൽ നിർമ്മിച്ച രാജ്യത്തെ ആദ്യത്തെ കൃത്രിമ ഉപഗ്രഹം വിസാറ്റ് വിക്ഷേപിച്ചത് മലയാളികൾക്ക് ആകെ അഭിമാനിക്കാവുന്ന നേട്ടമാണ്. കേന്ദ്ര-ശാസ്ത്ര സാങ്കേതിക വകുപ്പിനു കീഴിലെ ധനസഹായ പദ്ധതിയായ നിധി പ്രയാസുമായി ചേർന്ന് 30 ലക്ഷം രൂപ പദ്ധതിക്കായി അനുവദിച്ചു. 21 ലക്ഷം രൂപ സംസ്ഥാന വിഹിതവും ഒമ്പതു ലക്ഷം രൂപ കേന്ദ്രഫണ്ടും ചേർന്ന തുകയാണിത്. വിദ്യാർഥിനികൾ നിർമിച്ച ഉപഗ്രഹം ഐഎസ്ആർഒയുടെ സഹായത്തോടെയാണ് വിക്ഷേപിച്ചത്.

## അടിമുടി മാറി ബിരുദമേഖല

ഉന്നതവിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കി വരുന്ന പരിഷ്കരണങ്ങളുടെ ഭാഗമായി കേരളത്തിലെ സർവകലാശാലകളിൽ നാലു വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് തീരുമാനമായി. കോഴ്സിന്റെ മൂന്നാം വർഷത്തിനുശേഷം വിദ്യാർഥികൾക്ക് എക്സിറ്റ് ഓപ്ഷൻ നൽകും. അവസാനവർഷം വിദ്യാർഥികൾക്ക് തിരഞ്ഞെടുക്കാവുന്ന മേഖലകളിൽ ഗവേഷണാധിഷ്ഠിത

പ്രവർത്തനങ്ങൾ നടത്തുന്നതിനും അവസരമുണ്ടാകും.

അസാപ് വഴി 6123 വിദ്യാർഥികൾക്ക് നൈപുണ്യപരിശീലനം നൽകി. നബാർഡിന്റെ സഹായത്തോടെ ഗ്രാമീണ വനിതകൾക്കായി ഗ്രാഫിക് ഡിസൈനർ കോഴ്സിൽ 115 പേർക്കുള്ള പരിശീലനവും, പ്ലെയ്സ്മെന്റ് നടപടികളും പുരോഗമിക്കുകയാണ്. ഗ്രാമീണ വനിതകൾക്ക് ബഹുരാഷ്ട്ര കമ്പനികളുടെ ഗിഗ് വർക്കുകളിൽ പരിശീലനം നൽകുന്ന വായനശാല മോഡൽ പരിശീലനവും പുരോഗമിക്കുന്നു. കെ സ്കിൽ ക്യാമ്പയിനിന്റെ ഭാഗമായി 15-ലധികം തൊഴിൽ മേഖലകളിലായി നൂറിലധികം കോഴ്സുകൾ ഒരേസമയം ആരംഭിച്ചു.



മുഖാമുഖത്തിന് എത്തിയ മണിപ്പൂരി വിദ്യാർഥികൾ

ഐടി, മീഡിയ, ഹെൽത്ത് കെയർ, ലിംഗ്വിസ്റ്റിക്സ്, ബാങ്കിങ്ങ് തുടങ്ങിയ വിവിധ മേഖലകളിലെ കോഴ്സുകൾ നമ്മുടെ യുവാക്കൾക്ക് മികച്ച തൊഴിലിലേക്ക് വഴികാട്ടും.

വിദ്യാർത്ഥികൾക്കിടയിൽ സാമൂഹിക ബോധം വളർത്തിയെടുക്കുന്നതിനും മാലിന്യനിക്ഷേപത്തിനെതിരെ അവബോധം സൃഷ്ടിക്കുകയും ലക്ഷ്യമിട്ട് 'മാലിന്യമുക്തം നവകേരളം' പദ്ധതിയുടെ ഭാഗമായി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്നേഹാരാമം പദ്ധതിയും നടപ്പിലാക്കി. ഇതിന്റെ ഭാഗമായി കേരളത്തിൽ ഉടനീളം മൂവായിരത്തോളം മാലിന്യകേന്ദ്രങ്ങളെ പൂന്തോട്ടങ്ങളായി മാറ്റിയെടുക്കുകയാണ് ലക്ഷ്യം.■



# സജ്ജമാണ് സന്നദ്ധമാണ് കേരളയുവത്വം

പുതിയ കാലത്തിന്റെ വെല്ലുവിളികൾ നേരിടാൻ യുവാക്കളെ സജ്ജരാക്കിയും പുതിയ കാലത്തിന്റെ സാധ്യതകൾ അവർക്കു മുന്നിൽ തുറന്നിട്ടുമാണ് സർക്കാർ നമ്മുടെ യുവതയ്ക്ക് പ്രചോദനമാകുന്നത്. കേരളം വിഭാവനം ചെയ്യുന്ന നവകേരളസൃഷ്ടിയിലെ സജീവപങ്കാളികളുമാണ് അവർ.

സംസ്ഥാനത്തിന്റെ വികസനത്തിന് ഉറവ വറ്റാത്ത യുവശക്തി പ്രയോജനപ്പെടുത്തുന്നതിനുള്ള നിരവധി പദ്ധതികളാണ് നടപ്പാക്കി വരുന്നത്. സന്നദ്ധസേവന പ്രവത്തനങ്ങൾക്ക് നേതൃത്വം നൽകിയും, സാമൂഹികവിഷയങ്ങളിൽ ബോധവൽക്കരണം നടത്തിയും ഗോത്ര ഗ്രാമീണ മേഖലകളിൽ കലാ കായിക സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിച്ചും യുവത്വത്തിന് ഉത്തേജനം പകരുന്ന സാഹസിക വിനോദങ്ങളിൽ പരിശീലനം നൽകിയും ലിംഗനീതിക്കും ലിംഗസമത്വത്തിനും വേണ്ടി നിലകൊണ്ടും കേരള യുവതയെ മുഖ്യധാരയിലേക്ക് നയിക്കാൻ സർക്കാരിനായി.

**സംസ്ഥാനത്തിന്റെ വികസനത്തിന് ഉറവ വറ്റാത്ത യുവശക്തി പ്രയോജന പ്പെടുത്തുന്നതിനുള്ള നിരവധി പദ്ധതികളാണ് നടപ്പാക്കി വരുന്നത്.**

**സന്നദ്ധസേന**

## ഇവരുണ്ടാകും ഏത് ഇരുണ്ട കാലത്തും

കേരളം അതുവരെ അനുഭവിച്ചിട്ടില്ലാത്ത രണ്ട് പ്രതിസന്ധികളായിരുന്നു 2018-ലെ വെള്ളപ്പൊക്കവും തുടർന്നുണ്ടായ കോവിഡ് മഹാമാരിയും. ഈ വെല്ലുവിളികളിൽ നിന്ന് കേരളത്തെ കരകയറ്റാൻ ഗ്രാമ-നഗര ഭേദമന്യേ യുവാക്കൾ മുന്നിട്ടിറങ്ങി. മുമ്പെങ്ങുമില്ലാത്ത ഈ പ്രതിസന്ധികളെ നേരിടാൻ വലിയൊരു പറ്റം യുവസന്നദ്ധപ്രവർത്തകരുടെ ദൃഢനിശ്ചയം സർക്കാരിന് തുണയായി. ചിട്ടയായ പ്രവർത്തങ്ങളിലൂടെ അവർ അന്ന് വരച്ചിട്ടത് പ്രതീക്ഷയുടെയും പ്രതിരോധത്തിന്റെയും ചിത്രങ്ങളായിരുന്നു.

യുവാക്കൾ നടത്തിയ ഈ സന്നദ്ധപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞു. മഹാപ്രളയകാലത്തും മഹാമാരിയുടെ കാലത്തും കേരളത്തിലെ യുവാക്കൾ രചിച്ച സംഘടിത ശക്തിയുടെയും സഹാനുഭൂതിയുടെയും ഈ വേറിട്ട അധ്യായത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ രൂപം കൊടുത്തതാണ് കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ് എന്ന സന്നദ്ധസേന. സന്നദ്ധസേവനത്തിൽ തൽപരരായ 1,15,000 ത്തോളം യുവാക്കൾ സേനയിൽ അംഗങ്ങളാണ്. ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരിതാശ്വാസ പ്രവർത്തനം, മാലിന്യ നിർമ്മാർജനം, പാലിയേറ്റീവ് പ്രവർത്തനം, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവയിലെല്ലാം ഇടപെടാൻ കഴിയുന്ന ബൃഹത്തായ സന്നദ്ധസേനയാണ് കേരളത്തിന് തുണയാകാൻ തയ്യാറായി നിൽക്കുന്നത്. ഏതിരുണ്ട സമയത്തും മനുഷ്യത്വം നിലകൊള്ളുമെന്ന പ്രതീക്ഷയാണ് ഇവരിലൂടെ വെളിവാകുന്നത്.

**യൂത്ത് ഡിഫൻസ് ഫോഴ്സ്**

## പ്രതിരോധം ബോധവൽക്കരണത്തിലൂടെ

യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം, മയക്കുമരുന്ന്, എന്നിവയുടെ ഉപയോഗവും റാഗിംഗ്-സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയും തടയുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് 'യൂത്ത് ഡിഫൻസ് ഫോഴ്സ്' എന്ന പേരിൽ യുവാക്കളായ സന്നദ്ധ പ്രവർത്തകരുടെ ഒരു കൂട്ടായ്മക്ക് ബോർഡ് രൂപം നൽകി.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കോളേജുകളിലും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ തുടങ്ങി യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും വിവിധ പരിപാടികൾ ഇതിലൂടെ നടപ്പാക്കി.

വർധിച്ച് വരുന്ന റോഡപകടങ്ങൾ കാരണം ധാരാളം യുവാക്കളുടെ ജീവൻ അനുദിനം നിരത്തുകളിൽ പൊലിയുന്നു.

## കേരളോത്സവം പ്രതിഭകൾ മാറ്റുരയ്ക്കുമ്പോൾ

മുഖ്യധാരാ കലോത്സവങ്ങളിൽ പങ്കെടുക്കാൻ അവസരമില്ലാത്ത സാധാരണക്കാരായ യുവാക്കൾക്ക് തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാൻ ലഭിക്കുന്ന വേദിയാണ് കേരളോത്സവം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരളോത്സവം സംഘടിപ്പിക്കുന്നതിന് ഗ്രാന്റ് അനുവദിക്കുന്നു. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക്, ജില്ല, സംസ്ഥാനതലങ്ങളിലായി അഞ്ച് ലക്ഷത്തിൽ അധികം യുവ കലാ-കായിക പ്രതിഭകൾ കേരളോത്സവത്തിൽ പങ്കെടുക്കുന്നു.





യുവാക്കളിൽ വർധിച്ചു വരുന്ന വിവാഹമോചനവും പ്രധാന സാമൂഹ്യ പ്രശ്നമാണ്. ഈ വിഷയങ്ങളിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കാനും യൂത്ത് ഡിഫൻസ് ഫോഴ്സിലൂടെ കഴിഞ്ഞു.

20 നും 40നും ഇടയിൽ പ്രായമുള്ള ബിരുദധാരികളായവരും സന്നദ്ധ പ്രവർത്തകരാണ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. കഴിഞ്ഞ രണ്ടര വർഷത്തിൽ 700 ബോധവത്ക്കരണ പരിപാടികൾ സംസ്ഥാനത്തൊട്ടാകെയായി യൂത്ത് ഡിഫൻസ് ഫോഴ്സ് സംഘടിപ്പിച്ചിട്ടുണ്ട്.

യുവാക്കളുടെ വ്യക്തിപരവും സാമൂഹികവുമായ ക്ഷേമം മുൻനിർത്തി പഠന ഗവേഷണപദ്ധതികളും മാനസികാരോഗ്യം മുതൽ സൈബർ സുരക്ഷ വരെയുള്ള നിർണ്ണായകപ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന പ്രോഗ്രാമുകളും ബോർഡ് നടത്തിവരുന്നു.

## യുവജനങ്ങൾക്കിടയിലെ ആത്മഹത്യ തടയാൻ

സമൂഹത്തിൽ ആത്മഹത്യാപ്രവണത വർധിക്കുന്ന സാഹചര്യത്തിൽ യുവജനങ്ങളുടെ 'മാനസികാരോഗ്യം ശക്തിപ്പെടുത്തുക' എന്ന ലക്ഷ്യത്തോടെ യുവജനകമ്മിഷന്റെ ആഭിമുഖ്യത്തിൽ യുവാക്കൾക്കിടയിൽ ശാസ്ത്രീയ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി മുഖ്യമന്ത്രിക്ക് സമർപ്പിച്ചു. അഞ്ചുവർഷത്തിനിടെ കേരളമൊട്ടാകെ 18 മുതൽ 45 വരെ വയസുള്ളവരിൽ നടന്ന 800ൽ അധികം ആത്മഹത്യകളെ ആഴത്തിൽ പഠിച്ചാണ് വിദഗ്ധ സംഘം റിപ്പോർട്ട് തയ്യാറാക്കിയത്. റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആത്മഹത്യാ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

## അദാലത്തുകൾ

യുവാക്കൾ അഭിമുഖീകരിക്കുന്ന വിഷമതകൾ സംബന്ധിച്ച് കമ്മീഷന് ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും

**'ജോബ് പോർട്ടൽ' എന്ന വെബ് സൈറ്റിലൂടെ തൊഴിൽ അന്വേഷകരെയും തൊഴിൽദാതാക്കളെയും കണ്ടെത്തിവരുന്നു.**








# സാഹസികത ഇഷ്ടപ്പെടുന്ന യുവത്വത്തിന്

സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ ഇടുക്കി ദേവികുളം ദേശീയ സാഹസിക അക്കാദമിയുടെയും, കണ്ണൂർ മുഴപ്പിലങ്ങാട് ദേശീയ സാഹസിക അക്കാദമി ഉപകേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിലാണ് സംസ്ഥാനത്തുടനീളം വിവിധങ്ങളായ സാഹസികവിനോദങ്ങൾ സംഘടിപ്പിക്കുന്നത്.

ചെമ്പ്ര കൊടുമുടി, കൊളുക്കുമല, പൈതൽമല, ആറളം വന്യജീവി സങ്കേതം, കാഞ്ഞിരക്കൊല്ലി, കർണാടക അതിർത്തിയായ റാണിപുരം എന്നിവിടങ്ങളിലേക്ക് ട്രെക്കിങ് സംഘടിപ്പിച്ചു. റോപ് അഡ്വഞ്ചർ, റോക്ക് ക്ലൈമ്പിങ്, പ്രഥമ ശുശ്രൂഷ ക്ലാസ്, വ്യക്തിത്വ വികസന ക്ലാസ്, യോഗ, മറ്റു സാഹസിക ഇനങ്ങളായ സ്കൈ വാക്ക്, കമണ്ടോ നെറ്റ്, ബൂമറിങ്, സിപ് ലൈൻ, അഡ്വഞ്ചർ ഗെയിംസ് തുടങ്ങിയവ ഉൾപ്പെടുത്തിയുള്ള ക്യാമ്പുകളും സംഘടിപ്പിച്ചു വരുന്നു. സംസ്ഥാനത്തെ 140 നിയമസഭാ നിയോജക മണ്ഡലങ്ങളിലും നീന്തൽ പരിശീലനവും യുവജനങ്ങൾക്കായി ഒരുക്കിയിരിക്കുന്നു.

പരിഗണിക്കുന്നതിനായി കഴിഞ്ഞ രണ്ടര വർഷക്കാലത്ത് 14 ജില്ലാതല അദാലത്തുകളും രണ്ട് മെഗാ അദാലത്തും സംഘടിപ്പിച്ചിട്ടുണ്ട്. ഇങ്ങനെ ലഭിച്ച 988 പരാതികളിൽ 763 എണ്ണം തീർപ്പാക്കാൻ കഴിഞ്ഞു. യുവാക്കളിലെ സർഗാത്മകതയും നൈപുണ്യവും വികസിപ്പിക്കുന്നതിന് വിവിധ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി 2021 ൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു.

## യുവാക്കൾക്ക് സൗജന്യ നിയമസഹായം


നിയമവിദഗ്ധരെ ഉൾപ്പെടുത്തി ടോൾഫ്രീ നമ്പറിലൂടെ യുവജനങ്ങൾക്ക് സൗജന്യ നിയമസഹായം നൽകുന്നു.

വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

## അവസരങ്ങൾ യുവാക്കളെ തേടിവരുന്നു

'ജോബ് പോർട്ടൽ' എന്ന വെബ് സൈറ്റിലൂടെ തൊഴിൽ അന്വേഷകരെയും തൊഴിൽദാതാക്കളെയും കണ്ടെത്തിവരുന്നു. 2021 ൽ മൂന്ന് നിയോജക മണ്ഡലങ്ങളിൽ ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചു.

2022 ൽ സംസ്ഥാന യുവജന കമ്മീഷനും സംസ്ഥാന നൈപുണ്യ വികസനവകുപ്പും സംയുക്തമായാണ് ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചത്. 2023ൽ വിവിധ സ്ഥലങ്ങളിൽ നടന്ന ജോബ് ഫെസ്റ്റുകളിൽ തൊഴിൽദാതാക്കളെ പങ്കെടുപ്പിക്കാനും നിരവധി ഉദ്യോഗാർഥികളുടെ തൊഴിൽ എന്ന സ്വപനം യാഥാർഥ്യമാക്കാനും കഴിഞ്ഞു. ഈ വർഷം വിവിധ ജില്ലകളിലെ തെരഞ്ഞെടുക്കപെട്ട അഞ്ച് ഇടങ്ങളിൽ ജോബ് ഫെസ്റ്റ് നടക്കും. ■



# പെൺകരുത്താണ് നവകേരളം

**സ്ത്രീകളുടെ സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്തുന്നതിൽ കേരളം ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്.**

കേരളത്തിന്റെ സ്ത്രീമുന്നേറ്റത്തിന് അഭിമാന പാരമ്പര്യമുണ്ട്. അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് കടന്നുവന്ന ആ മുന്നേറ്റം ഇന്ന് നാടിന്റെ സമസ്തമേഖലകളിലും തിളക്കമുള്ള കാഴ്ചയായി മാറിക്കഴിഞ്ഞു. അതിനെ കൂടുതൽ പുരോഗതിയിലേക്ക് നയിക്കാനും സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്താനുമാണ് സർക്കാരിന്റെ പ്രവർത്തനങ്ങൾ.

വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് നിർഭയ സെൽ മുഖേന സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനായി സർക്കാർ നടപ്പിലാക്കിയ നയമാണ് നിർഭയ. ലൈംഗിക പീഡനം, ലൈംഗികാതിക്രമം, ലൈംഗികവൃത്തിക്കു വേണ്ടിയുള്ള മനുഷ്യക്കടത്ത് തുടങ്ങിയവയ്ക്കെതിരെയുള്ള ശക്തമായ പ്രവർത്തനങ്ങൾക്കാണ് നിർഭയ നയം മുൻതൂക്കം നൽകുന്നത്.സ്റ്റേറ്റ് നിർഭയ സെല്ലിന് കീഴിൽ പോക്സോ അതിജീവിതരായ പെൺകുട്ടികളെ താമസിപ്പിക്കുന്നതിലേക്കായി വിവിധ ജില്ലകളിലായി 19 ഹോമുകൾ പ്രവർത്തിക്കുന്നു.

## കാവലൊരുക്കി സർക്കാർ

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെയും ലൈംഗികാതിക്രമം അതിജീവിച്ച കുട്ടികൾക്കുമായി കാവൽ പ്ലസ് എന്ന പേരിൽ സാമൂഹികാധിഷ്ഠിത പുനരധിവാസ പദ്ധതി. കുട്ടികൾക്ക് മാനസികവും സാമൂഹികവുമായ പരിരക്ഷ ലഭ്യമാക്കുകയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുകയും ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം.

ലൈംഗികാതിക്രമത്തെ അതിജീവിച്ച കുട്ടികൾക്ക് ആവശ്യമായ അടിയന്തര മാനസിക-ശാരീരിക ആരോഗ്യപിന്തുണ സാധ്യമാക്കി അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതാണ് പ്രിലിമിനറി അസസ്മെന്റ് പദ്ധതി.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ കൗൺസിലിങ്ങ്, വൈദ്യസഹായം, ചികിത്സ, നിയമസഹായം, പോലീസ് സംരക്ഷണം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നടപ്പാക്കി വരുന്ന പദ്ധതിയാണ് വൺസ്റ്റോപ്പ് സെന്റർ.

## മഴവില്ല്

വിവിധ ഹോമുകളിലെ അംഗങ്ങൾക്ക് മധ്യവേനലവധിക്കാലത്ത് മാനസികോല്ലാസത്തിനും വിജ്ഞാനത്തിനും ഉതകുന്ന സമ്മർക്യാമ്പുകൾ, മത്സരങ്ങൾ എന്നിവ മഴവില്ല് എന്ന പേരിൽ സംഘടിപ്പിച്ചു. 14 ദിവസം വിവിധ വിഷയങ്ങൾ അടിസ്ഥാനമാക്കിയുള്ള ക്യാമ്പും 15- ാം ദിവസം കുട്ടികളുടെ കലാ-കായിക മത്സരങ്ങളും ഉൾപ്പെടുത്തി.

ഗർഭിണികളായ സ്ത്രീകളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷണനിലവാരം ഉയർത്തുക, ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ വനിതാ ശിശുവികസന വകുപ്പ് വഴി നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാനമന്ത്രി മാതൃ വന്ദന യോജന. ആദ്യപ്രസവത്തിന് രണ്ട് ഗഡുക്കളായി 5000/ രൂപ. രണ്ടാമത്തെ പ്രസവത്തിൽ പെൺകുട്ടിയാണെങ്കിൽ 6000 രൂപ ധനസഹായം.

## സ്ത്രീകളെ കേൾക്കാൻ കാതോർത്ത്

സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി കാതോർത്ത് എന്ന പേരിൽ ഒരു ഓൺലൈൻ കൺസൾട്ടൻസി വിജയകരമായി നടപ്പിലാക്കി വരുന്നു.

kathorthu.wcd.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേന സ്ത്രീകൾക്ക് പരാതി സമർപ്പിക്കാവുന്നതാണ്. സ്ത്രീകൾക്ക് സ്വന്തം വീട്ടിലിരുന്നുകൊണ്ട് പ്രശ്ന പരിഹാരം തേടാം എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

ബാല്യകാലത്തിൽ തന്നെ പെൺകുട്ടികളിൽ ആത്മവിശ്വാസവും ധൈര്യവും വളർത്തുന്ന പദ്ധതിയാണ് ധീര. മാനസിക ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുക, അതിക്രമങ്ങളെ കുറിച്ച് ബോധവൽക്കരിക്കുക, സ്വയരക്ഷ സാധ്യമാക്കുക എന്നിവയും ലക്ഷ്യം. അങ്കണപ്പൂമഴ ജെൻഡർ ഓഡിറ്റഡ് പാഠപുസ്തകം അങ്കണവാടി കുട്ടികളിൽ ചെറുപ്രായം മുതൽ തന്നെ ലിംഗസമത്വത്തിന്റെ പ്രാധാന്യവും അവബോധവും നൽകാൻ ലക്ഷ്യം വയ്ക്കുന്നതാണ്. നിർഭയ സെൽ മുഖാന്തരം 10 മുതൽ 15 വയസ് വരെയുള്ള പെൺകുട്ടികൾക്ക് ആയോധനകലകൾ അഭ്യസിപ്പിക്കുന്നു.

ഗാർഹികപീഡനത്തിൽ നിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും സഹകരിച്ച് ആരംഭിച്ച പദ്ധതിയാണ് രക്ഷാദൂത്. അതിക്രമത്തിനിരയായ വ്യക്തിയോ അവരുടെ പ്രതിനിധിയോ പോസ്റ്റ് ഓഫീസിലെത്തി തപാൽ എന്ന കോഡ് പറയുകയും അവർക്ക് പോസ്റ്റ് മാസ്റ്റർ/മിസ്ട്രസിന്റെ സഹായത്തോടെ ഒരു സീൽ ചെയ്ത പേപ്പറിൽ പരാതി സ്വന്തം മേൽവിലാസമെഴുതി ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്..

ഗാർഹിക പീഡനം, പൊതുസ്ഥലത്തെ ശല്യംചെയ്യൽ, ഫോൺ വഴിയുള്ള അശ്ലീല സംഭാഷണം, പരസ്യ മദ്യപാനം, കുട്ടികളെ പീഡിപ്പിക്കൽ, സ്ത്രീകളെ കാണാതാകൽ തുടങ്ങിയ ആവശ്യഘട്ടങ്ങളിൽ സ്ത്രീകളെ സഹായിക്കുന്നതിനായി രൂപീകരിച്ചതാണ് മിത്ര 181 കോൾ സെന്റർ. സുരക്ഷയും അന്തസ്സും





ഭൂരിപക്ഷ ജില്ലകളിലും വനിത വികസന കോർപറേഷൻ ഹോസ്റ്റലുകൾ ആരംഭിച്ചു.

ചോദ്യംചെയ്യപ്പെടുന്ന ഏതു ഘട്ടത്തിലും സ്ത്രീകൾക്ക് മിത്രയെ ആശ്രയിക്കാം.

## സഹായഹസ്തവുമായി കൂടെയുണ്ട്

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 55 വയസിനു താഴെ പ്രായമുള്ള വിധവകളായ സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്താൻ ഒറ്റത്തവണ സഹായം നൽകുന്ന പദ്ധതിയാണ് സഹായഹസ്തം - 30,000 രൂപയാണ് ധനസഹായം. ഒരു വർഷം ഒരു ജില്ലയിൽ 10 പേർക്കെന്ന നിലയിൽ ധനസഹായം നൽകും. വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം. സംരംഭം ഒറ്റയ്ക്കോ സംഘമായോ (വനിതാ കൂട്ടായ്മ, കുടുംബശ്രീ, വിധവ സംഘം) നടത്താം.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിധവകൾ, നിയമപരമായി വിവാഹബന്ധം വേർപ്പെടുത്തിയവർ എന്നിവരുടെ പുനർവിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണ് മംഗല്യ. വനിതാ ശിശുവികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയിലൂടെ 25000 രൂപ ധനസഹായം നൽകും. വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി പടവുകൾ എന്ന ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതിയിലൂടെ വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുന്നു.



ഗാർഹിക പീഡനമുൾപ്പെടെയുള്ള അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളുടെയും കുട്ടികളുടെയും അഭയ കേന്ദ്രമാണ് സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്. 24 മണിക്കൂർ സേവനങ്ങൾ ലഭ്യമാകുന്നു.

ഗാർഹിക പീഡനത്തിനിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സൗജന്യ നിയമസഹായം, വൈദ്യസഹായം, ഷെൽട്ടർ ഹോമുകളിലേക്കുള്ള റഫറൻസ്, പോലീസ് സഹായം എന്നിവ നൽകുന്ന കേന്ദ്രങ്ങളാണ് സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ. നിയമസഹായം ലഭ്യമാക്കാനായി ആഴ്ചയിൽ മൂന്നു ദിവസം വനിതാ കൗൺസിലർമാരുടെ സേവനവും



കേന്ദ്രങ്ങളിൽ ലഭ്യമാണ്.

അശരണരായ വിധവകൾക്ക് അഭയവും സംരക്ഷണവും നൽകുന്ന പദ്ധതിയാണ് അഭയകിരണം. സ്വന്തമായി താമസിക്കാൻ നിവൃത്തിയില്ലാത്ത, ബന്ധുക്കളുടെ ആശ്രയത്തിൽ ജീവിക്കുന്ന വിധവകളെ സംരക്ഷിക്കുന്നവർക്കാണ് അഭയകിരണത്തിലൂടെ സഹായം ലഭിക്കുന്നത്. സാധുക്കളായ വിധവകൾക്ക് അഭയസ്ഥാനം നൽകുന്ന ബന്ധുവിന് പ്രതിമാസം 1000 രൂപ അനുവദിക്കുന്നു.

## ജെൻഡർ പാർക്ക്

ലിംഗവിവേചനം പൂർണ്ണമായി അവസാനിപ്പിക്കുക, സാമൂഹിക, സാമ്പത്തിക, സാംസ്കാരിക അസമത്വം അവസാനിപ്പിക്കുക, സ്ത്രീ ശാക്തീകരണം നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് ജെൻഡർ പാർക്ക്. ജെൻഡർ പാർക്കിന്റെ പ്രാധാന്യവും മൂല്യവും കണക്കിലെടുത്ത് ഐക്യരാഷ്ട്രസഭയുടെ യു.എൻ വിമൺ തുല്യപങ്കാളിത്ത വ്യവസ്ഥയിൽ ജെൻഡർ പാർക്കുമായി ധാരണാപത്രം ഒപ്പിട്ടുകൊണ്ട് സഹകരിക്കുന്നു.

## പെൺട്ടിക കൂട്ട

അട്ടപ്പാടിയിലെ ആദിവാസി ജനവിഭാഗങ്ങളുടെ ഇടയിലുള്ള പോഷണക്കുറവ് പരിഹരിക്കാനും ആരോഗ്യ പോഷണ നിലവാരം ഉയർത്താനും നടപടി. ഇതിനായി അങ്കണവാടി പ്രവർത്തകരുടെ നേതൃത്വത്തിൽ ആരംഭിച്ചതാണ് പെൺട്ടിക കൂട്ട ഗ്രൂപ്പുകൾ. ഗോത്രവർഗ വനിതകൾക്ക് ഭക്ഷ്യഭദ്രത നിയമപ്രകാരമുള്ള അവകാശങ്ങൾ ഉറപ്പുവരുത്താനായി സംസ്ഥാന ഭക്ഷ്യ കമ്മിഷന്റെ ഭാസുര പദ്ധതി.

## കരുതലിന്റെ തണൽ

ഭൂരിപക്ഷ ജില്ലകളിലും വനിത വികസന കോർപറേഷൻ ഹോസ്റ്റലുകൾ ആരംഭിച്ചു. സംസ്ഥാനത്തെ നാല് പ്രധാന സിറ്റികളിലും എന്റെ കൂട് പദ്ധതി നടപ്പിലാക്കി. തൃശ്ശൂർ രാമവർമപുരത്ത് സ്ഥാപിച്ച പെൺകുട്ടികൾക്കുള്ള അത്യാധുനിക മോഡൽ ഹോം പ്രവർത്തന സജ്ജമാക്കി. സ്ത്രീധന നിരോധന ചട്ടങ്ങളിൽ ഭേദഗതി വരുത്തി എല്ലാ ജില്ലകളിലും ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരെ നിശ്ചയിച്ചു. വിദേശത്ത് പോകുന്ന നഴ്സുമാർക്ക് വേണ്ടിയുള്ള പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. വനിതകളെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ പ്രാപ്തരാക്കുന്ന ഡിജിറ്റൽ പാഠശാല പദ്ധതിക്ക് രൂപം നൽകി.

ആദിവാസി സ്ത്രീകളുടെ ഉന്നമനത്തിനായി വനമിത്ര വനിതാശാക്തീകരണ പദ്ധതി നടപ്പാക്കി. തൊഴിലിടങ്ങളിൽ ശിശുപരിപാലനത്തിന് ക്രഷ് പദ്ധതി. അങ്കണവാടി പ്രീ സ്കൂൾ കുട്ടികൾക്ക് പാലും മുട്ടയും നൽകി. എല്ലാ അങ്കണവാടികളിലുമുള്ള കുമാരി ക്ലബ്ബുകൾ, വർണക്കൂട് എന്ന് പുനർനാമകരണം ചെയ്തു. ബാലസുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ ട്രെയിനിംഗ് മൊഡ്യൂളുകളും അടങ്ങുന്ന ഇ-ലേണിംഗ് പോർട്ടൽ ആരംഭിച്ചു.

## സാമ്പത്തികപിന്തുണയേകി കേരള ബാങ്കും

സ്വയംതൊഴിൽ കണ്ടെത്താനും സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി മഹിളാശക്തി സ്വയംതൊഴിൽസഹായ വായ്പാ പദ്ധതിയിൽ ആറ് പ്രധാന വായ്പകൾ ലഭ്യമാക്കി.

ഫുഡ് കാറ്ററിങ്ങ് ബിസിനസ് തുടങ്ങാൻ ഒരു ലക്ഷം രൂപ വരെ നൽകുന്ന അന്നപൂർണ്ണ വായ്പ , ബിസിനസ് ആവശ്യങ്ങൾക്ക് അഞ്ച് ലക്ഷം വരെ നൽകുന്ന ബിസിനസ് വനിതാ വായ്പ, ബ്യൂട്ടിപാർലർ, തയ്യൽ തുടങ്ങി ചെറുകിട സംരംഭങ്ങൾക്ക് രണ്ട് ലക്ഷം വരെ നൽകുന്ന വനിത മുദ്ര വായ്പ, സർക്കാർ സംരംഭങ്ങളുടെ ഭാഗമായുള്ള ചെറുകിട സംരംഭങ്ങൾക്ക് പദ്ധതിയുടെ 50 ശതമാനം വരെ വായ്പ അനുവദിക്കുന്ന വനിതാ വികസന വായ്പ, 45,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള സ്ത്രീകൾക്ക് ഒരുലക്ഷം രൂപ ലഭിക്കുന്ന ഉദ്യോഗിനി വായ്പ, ഗ്രാമീണ വനിതകൾക്ക് ലഭിക്കുന്ന 50,000 രൂപയുടെ വനിതാശക്തികേന്ദ്ര പദ്ധതി.■



# ഉറപ്പാക്കി ഉണർവും ഉന്നതിയും

ഏഴരവർഷത്തെ തുടർച്ചയായ ഭരണം പട്ടികജാതി-പട്ടികവർഗ മേഖലയ്ക്ക് നൽകിയ വികസനത്തിന്റെയും കരുതലിന്റെയും അടയാളപ്പെടുത്തലുകൾ സമസ്തമേഖലയിലും കാണാം. പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസമേഖലയിലെ സമഗ്ര ഇടപെടലുകൾക്കൊപ്പം ക്ഷേമ -വികസന- തൊഴിൽ പദ്ധതികളും എല്ലാവർക്കും മികച്ച നിലയിൽ ലഭ്യമാക്കി. '

## 2026നുള്ളിൽ എല്ലാവർക്കും ഭൂമിയും വീടും

2026 നുള്ളിൽ എല്ലാ ഭൂരഹിത ഭവനരഹിത പട്ടികവിഭാഗക്കാർക്കും ഭൂമിയും വീടും നൽകുന്നതിനുള്ള പദ്ധതികളാണ് കേരളസർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. കഴിഞ്ഞ ഏഴരവർഷത്തിനിടെ 99.34 കോടിരൂപ ചെലവഴിച്ച് 28,010 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങിനൽകാൻ കഴിഞ്ഞു.

**പട്ടികവിഭാഗക്കാരുടെ ഭവനനിർമ്മാണ ത്തിനായി 418 കോടി രൂപ 2021-22ൽ ലൈഫ് മിഷന് കൈമാറി.**

രണ്ടരവർഷത്തിനുള്ളിൽ 10,830 പട്ടികജാതിക്കാർക്ക് ഭൂമി ലഭ്യമാക്കി. 8278 പട്ടികവർഗ കുടുംബങ്ങൾക്കായി ഏഴര വർഷം കൊണ്ട് 4138 ഏക്കർ ഭൂമി വിതരണം ചെയ്തു. രണ്ടാം പിണറായി സർക്കാർ ഇതുവരെ നൽകിയത് 2697 കുടുംബങ്ങൾക്കായി 3248 ഏക്കർ ഭൂമി. എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും ഭൂമിയുള്ള രാജ്യത്തെ ആദ്യ ജില്ലയായി തിരുവനന്തപുരം മാറി.

തിരുവനന്തപുരം ചെറ്റച്ചലിൽ 20 വർഷത്തിലധികമായി നടന്നുവന്നിരുന്ന ഭൂസമരം അവസാനിപ്പിച്ചു. ചെങ്ങറ, ഇടുക്കിയിലെ ചിന്നക്കനാൽ, പാലക്കാട് മുതലമട, വയനാട്ടിലെ മരിയനാട്, മല്ലികപ്പാറ എന്നിവിടങ്ങളിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പട്ടികജാതി പട്ടികവർഗവികസന വകുപ്പ്, റവന്യൂ-വനം വകുപ്പുകളുമായി ചേർന്നുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പട്ടികവിഭാഗക്കാരുടെ ഭവനനിർമ്മാണത്തിനായി 418 കോടി രൂപ 2021-22ൽ ലൈഫ് മിഷന് കൈമാറി. 2022-23 ൽ പട്ടികജാതിവികസന വകുപ്പ് 300 കോടിരൂപയും പട്ടികവർഗവികസന വകുപ്പ് 140 കോടി രൂപയും കൈമാറി.

## സ്കോളർഷിപ്പും ഫ്രീഷിപ്പും

പട്ടികജാതി, പട്ടികവർഗവിഭാഗങ്ങളുടെ വിദ്യാഭ്യാസ, തൊഴിൽ മേഖലകളിലെ ഉന്നമനം ലക്ഷ്യമിട്ടി നിരവധി നടപടികളാണ് സർക്കാർ കൈക്കൊള്ളുന്നത്.

മുൻകൂട്ടി ഫീസ് അടയ്ക്കാതെ തന്നെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിന് ഫ്രീ ഷിപ്പ് കാർഡുകൾ ഏർപ്പെടുത്തി. വിദൂര ഓൺലൈൻ/പാർട്ട് ടൈം/ ഈവനിങ്ങ് വിദ്യാർഥികൾക്ക് ട്യൂഷൻ-പരീക്ഷ-സ്പെഷ്യൽ ഫീസ്, പി.എച്ച്. ഡി, എം.ഫിൽ, എം.ടെക്, എം.ലിറ്റ് കോഴ്സുകളിൽ യുജിസി-ഗേറ്റ് സ്കോളർഷിപ്പ് ലഭിക്കാത്തവർക്ക് ഫെലോഷിപ്പിന്റെ 75% തുക

സ്കോളർഷിപ്പ്, കണ്ടിജന്റ് ഗ്രാന്റ്, ആധാർ അധിഷ്ഠിത അറ്റൻഡൻസ് സ്കോളർഷിപ്പ് പോർട്ടലുമായി ലിങ്ക് ചെയ്യൽ തുടങ്ങിയവ നടപ്പിലാക്കി.

രണ്ടരലക്ഷത്തിന് മേൽവരുമാനമുള്ള പട്ടികജാതി-പട്ടികവർഗ വിദ്യാർഥികൾക്ക് കേന്ദ്രസർക്കാർ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നിഷേധിച്ചപ്പോൾ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തി വരുമാനഭേദമില്ലാതെ എല്ലാ പട്ടികജാതി വിദ്യാർഥികൾക്കും സ്കോളർഷിപ്പ് നൽകുവാൻ കേരള സർക്കാർ തീരുമാനിച്ചു.

ഒന്നു മുതൽ എട്ട് വരെയുള്ള ക്ലാസുകളിലെ പിന്നാക്ക വിഭാഗം കുട്ടികളുടെ സ്കോളർഷിപ്പ് കേന്ദ്ര സർക്കാർ നിഷേധിച്ചതിന് പകരമായി കൈടാവിളക്ക് പദ്ധതി നടപ്പാക്കി സ്കോളർഷിപ്പ് നൽകു ന്നു.

## വിദേശപഠനത്തിന് പിന്തുണ

വിദേശവിദ്യാഭ്യാസ പദ്ധതി വഴി പിജി പഠനത്തിന് പട്ടികവിഭാഗം വിദ്യാർഥികൾക്ക് 25 ലക്ഷം രൂപ വരെയും പിന്നാക്കവിഭാഗം വിദ്യാർഥികൾക്ക് 10 ലക്ഷം രൂപ വരെയും ഗ്രാന്റ് നൽകും. 523 പട്ടികജാതി വിദ്യാർഥികൾക്കും 39 പട്ടികവർഗ വിദ്യാർഥികൾക്കും 35 പിന്നാക്കവിഭാഗ വിദ്യാർഥികൾക്കും ഉൾപ്പെടെ 597 കുട്ടികൾക്ക് രണ്ടരവർഷത്തിനിടെ വിദേശ സർവകലാശാലകളിൽ സ്കോളർഷിപ്പോടെ പഠനാവസരം ഒരുക്കി. ഈ വർഷം 310 പേർക്കുകൂടി വിദേശപഠനത്തിന് സ്കോളർഷിപ്പ് നല്കും. ഇതിൽ 97 പേർക്ക് ഒഡെപെക് വഴി പ്രവേശനം ലഭിച്ചിട്ടുണ്ട്.





## ഒബിസി വിദ്യാർഥികൾക്ക്

വിദേശപഠനത്തിന് 10 ലക്ഷം രൂപയും പിജി കോഴ്സുകൾ വിദേശത്ത് പഠിക്കാൻ 10 ലക്ഷം രൂപവരെയും അനുവദിക്കും. മെഡിക്കൽ / മെഡിക്കൽ അനുബന്ധ കോഴ്സുകൾ പഠിക്കുന്ന മാതാവോ പിതാവോ ഇരുവരുമോ നഷ്ടപ്പെട്ട ഒബിസി പെൺകുട്ടികൾക്ക് 50000 രൂപ സ്കോളർഷിപ് അനുവദിച്ചു.

വിംഗ്സ് പദ്ധതിയിലൂടെ പട്ടിക വിഭാഗങ്ങളിൽപെട്ട 3 എസ്.സി., 2 എസ്.ടി., 1 ഒ.ഇ.സി. കുട്ടികൾക്ക് കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസി പഠനത്തിന് ഓരോ വർഷവും 33 ലക്ഷം രൂപ സ്കോളർഷിപ് ലഭ്യമാക്കി.

പട്ടികവർഗ വിദ്യാർഥികളെ സിവിൽ സർവീസിലേക്ക് എത്തിക്കുന്നതിനായുള്ള പ്രത്യേകപദ്ധതി രാജ്യത്തിനകത്തുള്ള ഏത് പരിശീലന കേന്ദ്രത്തിലും പഠനം നടത്തുവാൻ സാധിക്കുന്ന രീതിയിൽ പുനഃക്രമീകരിക്കുന്നതിനുള്ള നടപടിയാരംഭിച്ചു.

## സംരംഭങ്ങൾക്ക് പ്രോത്സാഹനം

യുവജനങ്ങളെ ഒരേസമയം തൊഴിൽസംരംഭകരും തൊഴിൽദാതാക്കളുമാക്കാൻ കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിച്ചു.

പട്ടികവിഭാഗത്തിലെ യുവാക്കളെ സ്റ്റാർട്ടപ് രംഗത്ത് സജീവമാക്കുന്നതിന് തിരുവനന്തപുരം മണ്ണന്തലയിൽ 10 ഏക്കറിൽ 5000 ചതുരശ്രയടിയിൽ ഉന്നതി സ്റ്റാർട്ടപ് സിറ്റി സ്ഥാപിക്കുന്നു.

പട്ടിക വിഭാഗങ്ങളിൽ നിന്നുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള യുവജനങ്ങൾക്ക് സർക്കാർ സംവിധാനത്തിൻ കീഴിൽ ഓണറേറിയത്തോടെ തൊഴിൽ പരിശീലനം നൽകുന്ന നൂതന പദ്ധതിയാണ് ട്രേസ് - എഞ്ചിനീയറിംഗ്, എൽ.എൽ.ബി., എം.എസ്.ഡബ്ല്യൂ തുടങ്ങി വിവിധ യോഗ്യതകളുള്ള ആയിരത്തോളം പേർക്ക് ട്രേസ് വഴി തൊഴിൽ നൽകി.

പട്ടികവർഗ പഞ്ചായത്തായ ഇടമലക്കുടിയിൽ റോഡ് നിർമിക്കുന്നതിന് 13.70 കോടി രൂപയും ഇന്റർനെറ്റ് കണക്റ്റിവിറ്റിക്ക് 4.31 കോടി രൂപയും നൽകി. ബിഎസ്എൻഎൽ സഹായത്തോടെ കണക്റ്റിവിറ്റി ലഭ്യമായി. തൃശ്ശൂർ ജില്ലയിലെ ഉൾപ്രദേശമായ വെട്ടിവിട്ടകാട് പട്ടികവർഗ ഗ്രാമത്തിൽ 92.46 ലക്ഷംരൂപ ചെലവിൽ വൈദ്യുതീകരണം പൂർത്തിയാക്കി. അരേക്കാപ്പിൽ കമ്മ്യൂണിറ്റി ഹാൾ പൂർത്തിയാകുന്നു.

വൈദ്യുതിയെത്താത്ത 19 പട്ടികവർഗ കോളനികളിൽ എത്തിച്ചു. ഇന്റർനെറ്റ് കണക്റ്റിവിറ്റി ഇല്ലാത്ത 1284 കോളനികളിൽ 1137 എണ്ണത്തിലും കണക്റ്റിവിറ്റി ലഭ്യമാക്കി. അതിവിദൂരമായ



**വൈദ്യുതി യെത്താത്ത 19 പട്ടികവർഗ കോളനികളിൽ എത്തിച്ചു.**

147 കോളനികളിൽ കണക്ടിവിറ്റി എത്തിക്കാനും നടപടി തുടങ്ങി.

'സേഫ് 'പദ്ധതിയിലൂടെ ഇതുവരെ 15,000 വീട്ടുകൾ സുരക്ഷിതഭവനങ്ങളാക്കി. പട്ടികജാതിക്കാർക്ക് രണ്ട് ലക്ഷവും പട്ടികവർഗക്കാർക്ക് 2.5 ലക്ഷം രൂപയും അനുവദിക്കും.

അംബേദ്കർ ഗ്രാമ/ഊര് വികസന പദ്ധതികളിലായി 90% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടികവർഗ വിഭാഗത്തിലുള്ള വനാശ്രിതരായ 500 പേർക്ക് പ്രത്യേക നിയമന നടപടികൾ സ്വീകരിച്ച് പിഎസ്‍സി വഴി ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമനം നടത്തി. ഇവരിൽ പരിശീലനം പൂർത്തിയാക്കിയ 460 പേർ (372 പുരുഷന്മാർ, 88 വനിതകൾ) 2024 ഫെബ്രുവരി 11 ന് പാസിങ്ങ് ഔട്ട് നടത്തി.

പട്ടികജാതി പട്ടികവർഗക്കാരുടെ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന എബിസിഡി പദ്ധതി. വയനാട്, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ പൂർത്തിയാക്കി. മറ്റ് ജില്ലകളിൽ ദ്രുതഗതിയിൽ തുടരുന്നു.

നിലവിൽ 8-ാംക്ലാസ്സ് മുതൽ 12-ാംക്ലാസ്സുവരെയുള്ള പട്ടികജാതി വിദ്യാർഥികൾക്കായി നൽകി വന്നിരുന്ന പഠനമുറികൾ അഞ്ചാം ക്ലാസ് മുതലാക്കി. കേന്ദ്രീയവിദ്യാലയങ്ങളിൽ പഠിക്കുന്നവരെയും ഉൾപ്പെടുത്തി.

ഡിജിറ്റലി കണക്ടഡ് ട്രൈബൽ ഏരിയ- വയനാട്ടിൽ പദ്ധതി നടന്നുവരുന്നു.

53.234 കോടി രൂപ ചെലവിൽ ആറളം ഫാമിലെ ആന പ്രതിരോധമതിൽ നിർമ്മാണം അതിവേഗം പുരോഗമിക്കുന്നു.

പാലക്കാട് മെഡിക്കൽ കോളേജ് പൂർത്തീകരണത്തോട് അടുക്കുന്നു.

വയനാട് വൈത്തിരി സുഗന്ധഗിരിയിൽ പട്ടികവർഗ സ്വാതന്ത്ര്യസമരസേനാനി മ്യൂസിയം. 20 ഏക്കർ ഭൂമിയിൽ 16.66 കോടി രൂപ ചെലവിലാണ് മ്യൂസിയം ഒരുക്കുന്നത്.

പുലുവ ഗൗണ്ടർ, വേട്ടുവ ഗൗണ്ടർ, പടയാച്ചി ഗൗണ്ടർ, കാവിലിയ ഗൗണ്ടർ, കുരുക്കൾ/ഗുരുക്കൾ, ചെട്ടിയാർ, ഹിന്ദു ചെട്ടി, പപ്പട ചെട്ടി, കുമാര ക്ഷത്രിയ വിഭാഗങ്ങളെ സംസ്ഥാന ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി.



# സുഭദ്രമാണ് സാംസ്കാരിക കേരളം

കേരളത്തിന്റെ സാംസ്കാരിക പെരുമയുടെ ചാരുതയും തനിമയും സംരക്ഷിച്ചും കൂടുതൽ വിശാലലോകങ്ങളിലേക്ക് അതിന്റെ പടർച്ച ഉറപ്പുവരുത്തിയും കൂടുതൽ മിഴിവുറ്റതാക്കുകയാണ് സർക്കാർ.

ഓരോ രംഗത്തും സമഗ്രമായ മാറ്റമാണ് സാംസ്കാരികവകുപ്പ് നടപ്പിലാക്കുന്നത്.

സംസ്ഥാനത്തെ 14 ജില്ലകളിലുമായി നവോത്ഥാന നായകരുടെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയത്തിന് തുടക്കമായി. ആദ്യ സമുച്ചയം കൊല്ലത്ത് ശ്രീനാരായണ

**സംസ്ഥാനത്തെ 14 ജില്ലകളിലുമായി നവോത്ഥാന നായകരുടെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയത്തിന് തുടക്കമായി.**

ഗുരുവിന്റെ പേരിൽ ആരംഭിച്ചു. സാംസ്കാരിക പ്രവർത്തനങ്ങൾക്കായി പൊതുവിടങ്ങൾ കണ്ടെത്തുന്ന നാട്ടരങ്ങ് പദ്ധതി ശ്രദ്ധേയമായി. ആദ്യ നാട്ടരങ്ങ് പാലക്കാട് വടക്കഞ്ചേരിയിലാണ്. ചെങ്ങന്നൂർ, അന്നമനട, വള്ളിക്കുന്ന് എന്നിവിടങ്ങളിലെ നാട്ടരങ്ങ് നിർമാണം അവസാനഘട്ടത്തിലാണ്. കലാസാംസ്കാരിക പരിപാടികൾ അവതരിപ്പിക്കാനുള്ള തുറന്ന വേദി തിരുവനന്തപുരത്ത് 'മാനവീയം വേദി' എന്ന പേരിൽ ആരംഭിച്ചു.

കലാപ്രവർത്തകർക്ക് സാമ്പത്തികഭദ്രത സൃഷ്ടിക്കാനും സർക്കാർ ശ്രമിക്കുന്നു. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ബിരുദം നേടിയ ആയിരത്തോളം യുവകലാകാരർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് നൽകിവരുന്നു. പ്രതിമാസം 10,000 രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായ 7500/ രൂപയുമാണ് ലഭിക്കുക. എഴുത്തുകാർക്കും കലാപ്രവർത്തകർക്കും ധനസഹായം, പെൻഷൻ, വിധവകൾക്കും ആശ്രിതർക്കും ധനസഹായം, അവശത അനുഭവിക്കുന്നവർക്ക് ചികിത്സാധന സഹായം. കലാ / സാഹിത്യ മേഖലയിലെ ഉൽകൃഷ്ടരായ വ്യക്തികൾക്ക് സ്മാരകം, സാംസ്കാരികകേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കാനുള്ള സഹായവും നൽകുന്നുണ്ട്.

## കേരള കലാമണ്ഡലം

കേരള കലാണ്ഡലത്തിൽ കഥകളി, മോഹിനിയാട്ടം, കൂടിയാട്ടം, തുള്ളൽ, പഞ്ചവാദ്യം തുടങ്ങിയ രംഗകലകളും ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സമ്പ്രദായത്തിൽ ബിരുദ ബിരുദാനന്തര കോഴ്സുകളും 14 കലാവിഷയങ്ങളിൽ ആർട്ട് ഹൈസ്കൂൾ, ഹയർ സെക്കൻഡറി, ഡിഗ്രി, പി.ജി, ഇന്റഗ്രേറ്റഡ് എംഫിൽ, പി.എച്ച്.ഡി, ഡയറക്ട് പി.എ ച്ച്.ഡി. എന്നീ കോഴ്സുകളും നടത്തി വരുന്നു.

14 ജില്ലകളിലും നങ്ങ്യാർകൂത്ത് പ്രോത്സാഹിപ്പിക്കുന്നതിന് സെന്റർ ഫോർ നങ്ങ്യാർകൂത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കലാമണ്ഡലത്തിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച സ്പെഷ്യൽ റൂളിന് സർക്കാർ അംഗീകാരം നൽകി. കലാമണ്ഡലത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി വിദ്യാർഥികൾക്കുള്ള ഭോജനശാലയും 10 കളരിയുമടങ്ങുന്ന കെട്ടിടസമുച്ചയം നിർമിച്ചു. നാലുകോടി രൂപ ചെലവിൽ ജീവനക്കാർക്കായി 12 ഫ്ളാറ്റുകൾ നിർമിച്ചു. 21 ലക്ഷം ചെലവിൽ വള്ളത്തോൾ മ്യൂസിയം നവീകരിച്ചു.

> കലാസാംസ്കാരിക പരിപാടികൾ അവതരിപ്പിക്കാനുള്ള തുറന്ന വേദി തിരുവനന്തപുരത്ത് 'മാനവീയം വേദി' എന്ന പേരിൽ ആരംഭിച്ചു.

## ചലച്ചിത്ര അക്കാദമി

സെന്റർ ഫോർ ഇന്റർനാഷണൽ ഫിലിം റിസർച്ച് സെന്റർ ആൻഡ് ആർക്ക് എന്ന പേരിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ചലച്ചിത്ര ഗവേഷണകേന്ദ്രവും ഡിജിറ്റൽ ആർക്കൈവ്സും സ്ഥാപിച്ചു. മലയാളത്തിലെ ആറ് ക്ലാസിക് സിനിമകളുടെ ഡിജിറ്റലൈസേഷനും റെസ്റ്ററേഷനും പൂർത്തിയാക്കി. ഐ.എഫ്.എഫ്.കെ.യുടെ 28 ാം പതിപ്പ് മികച്ച രീതിയിൽ സംഘടിപ്പിച്ചു.

ചലച്ചിത്ര അവാർഡിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു ട്രാൻസ് വുമണായ നേഹ എസ്. അവാർഡിന് അർഹയായി; ചിത്രം അന്തരം.

കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിൽ അക്കാദമിയുടെ





തകഴിയുടെ പേരിൽ ലോകോത്തര നിലവാരത്തിലുള്ള ഒരു മ്യൂസിയം നിർമ്മിക്കാനുള്ള പ്രവർത്തനങ്ങളും നടക്കുകയാണ്.

ആസ്ഥാനത്തോട് ചേർന്ന് മലയാള സിനിമ മ്യൂസിയം നിർമിക്കുന്നു. ചലച്ചിത്ര മേഖലകളിൽ സ്ത്രീസാന്നിധ്യം വർധിപ്പിക്കാനായി വനിതകൾക്ക് തൊഴിൽപരിശീലനം നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു.

## കലകളെ പ്രോത്സാഹിപ്പിക്കാൻ അക്കാദമികൾ

നാടൻകലകളെ കുറിച്ച് സ്കൂൾ, കോളേജ് വിദ്യാർഥികൾക്ക് അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ സ്കൂൾ/കോളേജുകളിൽ ഫോക്ലോർ അക്കാദമിയുടെ നേതൃത്വത്തിൽ ഫോക്ലോർ ക്ലബ്ബുകൾ രൂപീകരിച്ചു. കൂടാതെ, അക്കാദമിയുടെ നേതൃത്വത്തിൽ ജില്ലാ നാടൻ കലോത്സവം, മൺസൂൺ ഫെസ്റ്റ്, സിറ്റി ഫെസ്റ്റ് ഫോക്ലോർ ഫിലിം ഫെസ്റ്റ്, ചെങ്ങന്നൂരാതി പരിപാടി, മാപ്പിള കലോത്സവം, കോൽക്കളി മഹോത്സവം, ചെങ്ങന്നൂർ പെരുമ, നാട്ടുത്സവം, തീരസദസ് എന്നിവ സംഘടിപ്പിച്ചു.

കേരള ലളിതകലാ അക്കാദമിയുടെ 60-ാം വാർഷികത്തോടനുബന്ധിച്ച് കൊച്ചിയിൽ അശരീരവാണി-സൗണ്ട് വിത്തൗട്ട് ബോഡി ഇൻഡോ-ജപ്പാൻ പെർഫോമൻസ് നടത്തി. കേരള കലാചരിത്രത്തിൽ ആദ്യമായി കാലിഗ്രാഫി ഫെസ്റ്റിവൽ സംഘടിപ്പിച്ചു. മഹാപ്രതിഭകളായ സാഹിത്യനായകർ മുതൽ പുതുതായി എഴുതി തുടങ്ങുന്നവരെ വരെ വിവിധ വേദികളിൽ അണിനിരത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് കേരള സാഹിത്യ അക്കാദമി നടത്തി വരുന്നത്. അന്താരാഷ്ട്ര നാടകോത്സവമായ ഇറ്റ്ഫോക്ക് കേരള സംഗീത നാടക അക്കാദമി വർഷങ്ങളായി നടത്തിവരുന്നു.

## വൈലോപ്പിള്ളി സംസ്കൃതി ഭവൻ

വൈലോപ്പിള്ളി സംസ്കൃതിഭവന്റെ പടിപ്പുരയിൽ പല്ലാവൂർ അപ്പുമാരാർ മ്യൂസിയം പുതുതായി സജ്ജീകരിച്ചു. വിജ്ഞാനവേനൽ-കൗമാരത്തിന്റെ സമഗ്ര മധ്യവേനൽ ക്യാമ്പുകൾ, ഉയരും ഞാൻ നാടാകെ-ഗോത്രവർഗ കലാകാരർക്ക് റസിഡൻഷ്യൽ ക്യാമ്പ്, യവനിക- അമച്വർ, പ്രൊഫഷണൽ കാമ്പസ് നാടകോത്സവങ്ങൾ, ഉണർവ്-വയോജനങ്ങൾക്ക് സാംസ്കാരിക വിനിമയ വേദികൾ, മതിലുകൾപ്പുറം - കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ കലാപരിപാടികളുടെ അവതരണം തുടങ്ങിയവ നടത്തിവരുന്നു.

## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

തികച്ചും ശിശുസൗഹൃദവും മികച്ച വായനാനുഭവവും നൽകുന്നതുമായ വൈവിധ്യപൂർണ്ണമായ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുവരുന്നു. കുട്ടികൾക്കായുള്ള ബാലമാസിക 'തളിര്'

എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നു. കഴിഞ്ഞ നാല് വർഷത്തിനിടെ തളിർ സ്കോളർഷിപ്പ് പദ്ധതിയിലൂടെ വിതരണം ചെയ്തത് 68 ലക്ഷം രൂപയുടെ സ്കോളർഷിപ്പാണ്.

### കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ഐസിഫോസുമായി സഹകരിച്ച് തയാറാക്കിയ ഓൺലൈൺ മലയാളം നിഘണ്ടു കഴിഞ്ഞ കേരളപ്പിറവി ദിനത്തിൽ പുറത്തിറക്കി. ടോക്കിയോ സർവകലാശാലയുടെ ഭാഷകളുടെയും സംസ്കാരങ്ങളുടെയും അന്താരാഷ്ട്ര ഗവേഷണ പഠനകേന്ദ്രവുമായി ചേർന്ന് ജാപ്പനീസ്- മലയാളം നിഘണ്ടു പ്രസിദ്ധീകരിച്ചു. ഒരു ലക്ഷം രൂപ വീതം ലഭിക്കുന്ന എൻ.വി. കൃഷ്ണവാരിയർ സ്മാരക വൈജ്ഞാനിക പുരസ്കാരം, ഡോ.കെ.എം. ജോർജ് സ്മാരക ഗവേഷണപുരസ്കാരം, എം.പി. കുമാരൻ സ്മാരക വിവർത്തന പുരസ്കാരം എന്നിവ നൽകി.

### ഭാരത് ഭവൻ

10 സംസ്ഥാനങ്ങളിലെ കലാരൂപങ്ങൾ കോർത്തിണക്കി ഭാരതീയ രംഗോത്സവം സംഘടിപ്പിച്ചു. സാംസ്കാരിക പഠനയാത്ര, ഗ്രാമോത്സവങ്ങൾ, ഇന്ത്യൻ ട്രൈബൽ ഫെസ്റ്റ്, വില്ലേജ് ഫെസ്റ്റ്, ഫോക്ക് ഫെസ്റ്റ്, മൺസൂൺ ഫെസ്റ്റ്, മലബാർ പൈതൃകോത്സവം തുടങ്ങി ഒട്ടനവധി സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നു. ഡോ. കപില വാൽസ്യായൻ പ്രഥമ ഇന്ത്യൻ ക്ലാസിക്കൽ ദേശീയ നൃത്തോത്സവം സംഘടിപ്പിച്ചു.

### മാർഗ്ഗി

സ്പാനിഷ് എഴുത്തുകാരനായ സെർവാന്റീസിന്റെ വിശ്വകൃതിയായ ഡോൺ കി ഹോത്തോ എന്ന നോവൽ ആട്ടക്കഥയാക്കി; സ്പെയിൻ, മെക്സിക്കോ, ബെൽജിയം തുടങ്ങിയ രാജ്യങ്ങളിൽ അവതരിപ്പിച്ചു.

### വാസ്തുവിദ്യാ ഗുരുകുലം

സംസ്ഥാന പുരാരേഖ വകുപ്പിന് വേണ്ടിപ്രധാന ചരിത്ര സംഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള ചുമർചിത്ര രചന പ്രോജക്ടിന് പ്രാരംഭം കുറിച്ചു.

### ഒ.വി. വിജയൻ സ്മാരകസമിതി

ഖസാക്ക് ശില്പവനമെന്ന പേരിൽ മനോഹരമായ 108 ശില്പങ്ങൾ ഒരുക്കി. ഒ.വി. വിജയനെ ദൃശ്യാനുഭവങ്ങളിലൂടെ പരിചയപ്പെടുത്തുന്ന വീഡിയോ ഓൺ ഡിമാൻഡ് തീയറ്റർ എന്ന ലൈവ് തിയേറ്ററിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഒ.വി. വിജയന്റെ പ്രശസ്തമായ 40 കാർട്ടൂണുകളുടെ ശേഖരമായ ഒ.വി. വിജയൻ കാർട്ടൂൺ ഗാലറി ഞാറ്റുപുരയിൽ സ്ഥാപിച്ചു.

### ശ്രീനാരായണ അന്തർദേശീയ പഠന തീർത്ഥാടന കേന്ദ്രം

ജാതിമത വർഗീയ ശക്തികൾ സമൂഹത്തിൽ വിഭാഗീയത സൃഷ്ടിക്കുന്ന സാഹചര്യത്തിൽ മതാതീതവും മാനവികവുമായ ഗുരുദർശനം സമൂഹത്തെ ബോധ്യപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ വിദ്യാർഥികൾക്കും യുവജനങ്ങൾക്കുമായി പ്രത്യേകം കോഴ്സുകൾ ആരംഭിച്ചു. ശ്രീനാരായണ ദർശനത്തെ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി യൂട്യൂബ് ചാനൽ ആരംഭിച്ചു. ശ്രീനാരായണഗുരുവിന്റെ ഒരു സന്ദേശം എല്ലാ ദിവസവും നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നു; പ്രചാരണം മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ.

### തകഴി സ്മാരകം

തകഴിയുടെ പേരിൽ ലോകോത്തര നിലവാരത്തിലുള്ള ഒരു മ്യൂസിയം നിർമ്മിക്കാനുള്ള പ്രവർത്തനങ്ങളും നടക്കുകയാണ്.

### സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

എറണാകുളം പറവൂരിലും പാലക്കാട് ചിറ്റൂരിലും കോഴിക്കോട്ടും തിരുവനന്തപുരത്തും കൈരളി/ ശ്രീ തിയറ്ററുകൾ നവീകരിച്ചു. തിരുവനന്തപുരം കെഎസ്ആർടിസി ബസ് ടെർമിനലിൽ ആധുനിക സാങ്കേതികവിദ്യയ്ക്ക് അനുസൃതമായി ലെനിൻ സിനിമാസ് യാഥാർത്ഥ്യമാക്കി.

സ്ത്രീശാക്തീകരണ കാഴ്ചപ്പാടിന്റെ ഭാഗമായി വനിതാ സംവിധായകർ സംവിധാനം ചെയ്ത നിഷിദ്ധോ, ഡിവോഴ്സ്, ബി 32 മുതൽ 44 വരെ, നിള എന്നീ സിനിമകൾ നിർമ്മിക്കുകയും ചെയ്തു.



### ഗുരു ഗോപിനാഥ് നടനഗ്രാമം

11 നൃത്ത,സംഗീതവാദ്യകലകളിൽ പരിശീലനം നൽകുന്നു. 18 വയസ്സിനു മുകളിൽ പ്രായമുള്ള നർത്തകർക്ക് അവരുടെ സ്വന്തം നൃത്താവിഷ്ക്കാരം അവതരിപ്പിക്കുവാനുള്ള അവസരവും ഒരുക്കുന്നു.

### മലയാളം മിഷൻ

ഇന്ത്യയിലെ 24 സംസ്ഥാനങ്ങളിലും 60 വിദേശ രാജ്യങ്ങളിലും മലയാളം മിഷൻ പ്രവർത്തിക്കുന്നു. 88 ചാപ്റ്ററുകളിലായി 2023-ൽ 2463 പഠനകേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത്. 100 ചാപ്റ്ററുകളായി വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. മികച്ച ചാപ്റ്ററിന് കണിക്കൊന്ന പുരസ്കാരം. മികച്ച പ്രവാസി സംഘടനയ്ക്ക് സുഗതാഞ്ജലി പുരസ്കാരം എന്നിവ നൽകി വരുന്നു.■



# ചേർത്തു നിർത്തുന്നു ഓരോ ചുവടിലും

> ഭിന്നശേഷി സൗഹൃദ സമൂഹം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി നിരവധി പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പാക്കി വരുന്നത്.

സാമൂഹികപിന്തുണ അർഹിക്കുന്ന വിഭാഗങ്ങൾക്ക് ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, സാമൂഹികസുരക്ഷ എന്നിവ ഉറപ്പാക്കുന്നതിന് നിതാന്ത പരിശ്രമമാണ് സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്. ഭിന്നശേഷി വിഭാഗങ്ങൾക്ക് കൈത്താങ്ങാകുന്ന നിരവധി സേവനങ്ങളും പദ്ധതികളും ഈ കാലയളവിൽ വിഭാവനം ചെയ്ത് നടപ്പാക്കാൻ കേരളത്തിന് കഴിഞ്ഞു.

2018-ൽ ഭിന്നശേഷി സംബന്ധിച്ച സംസ്ഥാന ഉപദേശക ബോർഡ് സ്ഥാപിച്ചുകൊണ്ട് സർക്കാരിന്റെ ഭിന്നശേഷി നയത്തിന് അടിസ്ഥാനശില പാകി. തുടർന്ന് 2023-ൽ കേരളത്തിലെ എല്ലാ ജില്ലകളിലും ഭിന്നശേഷിയുമായി ബന്ധപ്പെട്ട സേവനങ്ങൾക്കായി ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചു. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഭിന്നശേഷി വിഭാഗങ്ങളെ കൈപിടിച്ചുയർത്തുന്നതിനും അവരെ എല്ലാതരം ചൂഷണങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനും അടിസ്ഥാനപരമായി വേണ്ട സംവിധാനങ്ങൾ ഒരുക്കാൻ സർക്കാരിനായി.

ഇതിന്റെ ഭാഗമായി ഭിന്നശേഷി വിഭാഗക്കാർക്കായി പ്രത്യേക കോടതികൾ സ്ഥാപിക്കുകയും പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുകയും ചെയ്തു. കൂടാതെ സർക്കാർ നിയമനങ്ങളിൽ സംവരണം സംബന്ധിച്ച് കമ്മിറ്റി രൂപീകരിച്ച് 4% സംവരണം അനുവദിച്ച് മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഇതു പ്രകാരം എല്ലാ സർക്കാർ സ്ഥാപനങ്ങളിലും എയ്ഡഡ് ആയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഭിന്നശേഷിക്കാർക്ക് 5% സംവരണം ലഭ്യമാക്കി. കൂടാതെ ഭിന്നശേഷിക്കാർക്ക് പ്രത്യേക യുണീക്ക് ഐഡി (യുഡിഐഡി) നടപ്പാക്കിയതുവഴി എല്ലാ ഭിന്നശേഷിക്കാർക്കും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെയുള്ള സേവനങ്ങൾ ഇപ്പൊൾ അതിവേഗം ലഭ്യമാകുന്നു. 2024 ഫെബ്രുവരി ആദ്യ വാരം വരെ, 4,84,223 അപേക്ഷകരിൽ അർഹരായ 3,11,287 ഭിന്നശേഷിക്കാർക്ക് യുഡിഐഡി കാർഡുകൾ നൽകിയിട്ടുണ്ട്.



## ആരോഗ്യമേഖലയിൽ കരുതലിന്റെ കാൽവയ്പ്പ്

ഭിന്നശേഷിയിലേക്ക് നയിക്കാവുന്ന സാഹചര്യങ്ങൾ മുൻകൂട്ടി കണ്ടെത്തി അവ ചെറുക്കാനുള്ള ശ്രമങ്ങൾക്ക് 'സ്റ്റേറ്റ് ഇനീഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി' എന്ന പദ്ധതി ആരംഭിച്ചു. ഇതിനായി ഒരു ജീവിതചക്ര സമീപനമാണ് കൈകൊണ്ടിട്ടുള്ളത്. ഭിന്നശേഷി പ്രതിരോധം മുതൽ അവരുടെ സുസ്ഥിര പുനരധിവാസം വരെയുള്ള കാര്യങ്ങൾ 'അനുയാത്ര' എന്ന ഈ പദ്ധതിയിലൂടെ അഭിസംബോധന ചെയ്യുന്നു. കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ ആവശ്യമായി വരുന്ന കുട്ടികൾക്ക് ഇത് സൗജന്യമായി നൽകുന്ന പദ്ധതിയും ശ്രവണ പരിമിതി ഉള്ള കുട്ടികളെ നേരത്തെ കണ്ടെത്തുന്നതിനുള്ള 'കാതോരം' സ്ക്രീനിംഗ് പ്രോഗ്രാമും ആരോഗ്യവകുപ്പിന്റെ അധികാരപരിധിയിലേക്ക് മാറ്റി. ഇത് കൂടാതെ 'നിരാമയ' പദ്ധതി പ്രകാരം 75000 ഓളം ഭിന്നശേഷിയുള്ളവർക്ക് ആരോഗ്യ ഇൻഷുറൻസ് ലഭ്യമാക്കാനും സാധിച്ചു.

## അതിരുകളില്ലാത്ത സമത്വം

എല്ലാ പൊതുവിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഭിന്നശേഷിക്കാർക്ക് പ്രാപ്യമാക്കുന്നതിനുള്ള 'ബാരിയർ ഫ്രീ കേരള' സംരംഭത്തിന് കീഴിൽ, 2000-ലധികം പൊതു കെട്ടിടങ്ങൾ തടസ്സരഹിതമാക്കി. 2023 സെപ്റ്റംബർ വരെ 170-ലധികം വെബ്സൈറ്റുകൾ ഭിന്നശേഷി പ്രാപ്യമാക്കി. ടകജഉഅ സ്കീമിലൂടെ 1.49 കോടി രൂപ ചിലവിട്ട് കേരളത്തിലെ ആദ്യ ഭിന്നശേഷി സൗഹൃദ ബാരിയർ ഫ്രീ കാംപസ് ഒരുക്കിയതും അഭിമാനിക്കാവുന്ന നേട്ടമാണ്.

ഭിന്നശേഷിക്കാരായ രക്ഷിതാക്കളുടെ കുട്ടികൾക്ക് നൽകുന്ന വിദ്യാകിരണം സ്കോളർഷിപ്പ്, എട്ടാം ക്ലാസ് കഴിഞ്ഞ ഭിന്നശേഷിക്കാരായ കുട്ടികൾക്ക്

സൗജന്യ യൂണിഫോമും പഠന സാമഗ്രികളും നല്കുന്ന 'വിദ്യാജ്യോതി' പദ്ധതി, ഭിന്നശേഷിക്കാരുടെ അമ്മമാർക്ക് സ്വയം തൊഴിൽ നൽകുന്ന പദ്ധതിയായ 'സ്വാശ്രയ', ഭിന്നശേഷി സൗഹൃദ അന്തരീക്ഷം ഉണ്ടാക്കിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നാഷണൽ സർവീസ് സ്കീമുകൾക്ക് ക്യാഷ് അവാർഡ് നൽകുന്ന സഹചാരി പദ്ധതി, പരീക്ഷകളിൽ മികച്ച വിജയം നേടുന്നവർക്ക് മികച്ച പരിശീലനം നേടുന്നതിന് ധനസഹായം നൽകുന്ന 'ശ്രേഷ്ഠം', ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്ക് സൗജന്യ വൈദ്യുത ഓട്ടോ നൽകുന്ന 'സ്നേഹയാനം', നൈപുണ്യ വികസനത്തിനായി 'അതിജീവനം' എന്നിങ്ങനെ ഒട്ടനവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി.

അന്ധതയും കാഴ്ച പരിമിതിയുമുള്ള ഭിന്നശേഷിക്കാർക്ക് പ്രത്യേകം തയ്യാറാക്കിയ സ്മാർട്ട് ഫോണുകളും ലാപ്ടോപ്പുകളും വിതരണം ചെയ്യുന്ന 'കാഴ്ച' , സഹായ ഉപകരണങ്ങളുടെ വിതരണത്തിന് 'ശുഭയാത്ര', സ്വയംതൊഴിലിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്ന 'ആശ്വാസം' എന്നിവ ഭിന്നശേഷി സൗഹൃദകേരളം യാഥാർഥ്യമാക്കുന്നതിലേക്കുള്ള സുപ്രധാന ചുവടുവയ്പുകളാണ്.

ഭിന്നശേഷിക്കാർക്കായി ഒരു സ്പോർട്സ് അക്കാദമിയും സഹജീവനം സഹായകേന്ദ്രങ്ങൾ എന്ന പേരിൽ സ്പെഷ്യൽ സ്കൂളുകളും വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളും ആരംഭിക്കും.

## കരുതലായ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ

ഭിന്നശേഷി ശാക്തീകരണത്തിനായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വിപുലമായ രീതിയിൽ പദ്ധതികളും പരിപാടികളും ഏറ്റെടുത്തിട്ടുള്ള ഏക സംസ്ഥാനമാണ് കേരളം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വാർഷിക സംസ്ഥാന പദ്ധതി വികസന ഫണ്ടിന്റെ 5% നിർബന്ധമായും ഭിന്നശേഷിക്കാരായ കുട്ടികൾക്കായും ട്രാൻസ് സമൂഹത്തിനുമായി നീക്കിവയ്ക്കണം എന്നതാണ് സർക്കാർ മാർഗനിർദ്ദേശം.

ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ ശാക്തീകരണത്തിനായി ബ്ലോക്ക് തലത്തിൽ തൊഴിൽ പരിശീലനവും നൈപുണ്യ വികസനവും ആരംഭിക്കുന്നതിലേയ്ക്കായി പ്രചോദനം പദ്ധതി, കുടുംബശ്രീ മാതൃകയിൽ ഭിന്നശേഷിക്കാരുടെ സ്വയംസഹായസംഘങ്ങൾ രൂപീകരിക്കൽ, അവർ നിർമ്മിക്കുന്ന ഉൽപന്നങ്ങളുടെ വിപണനത്തിനായി പ്രത്യേക ഔട്ട്ലെറ്റുകൾ എന്നിവയും പദ്ധതി വിഭാവനം ചെയ്യുന്നു.

ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനായി സംസ്ഥാനത്ത് സംയോജിത പുനരധിവാസഗ്രാമങ്ങൾ സ്ഥാപിക്കും. ഭിന്നശേഷിക്കാരായ വ്യക്തികളുടെ ജീവിതകാലയളവിൽ ആവശ്യമായ എല്ലാ സേവനങ്ങളും പുനരധിവാസഗ്രാമത്തിലൂടെ നൽകുകയാണ് ലക്ഷ്യം.

**ഭിന്നശേഷിയുള്ളവർ സമൂഹത്തോട് ഇണങ്ങിച്ചേരാനും അവരുടേതായ സംഭാവനകൾ സമൂഹത്തിന് നൽകാൻ കരുത്ത് പകരുന്നതുമാണ് അസിസ്റ്റീവ് സാങ്കേതികവിദ്യകൾ.**



## വികലാംഗക്ഷേമ  പെൻഷൻ

വികലാംഗപെൻഷനായി പ്രതിമാസം 1600 രൂപ സംസ്ഥാനത്തെ 4,19,678 ഗുണഭോക്താക്കൾക്ക് നൽകുന്നു. 50% ഗുണഭോക്താക്കൾക്കും DBT മോഡ് വഴി (Direct Benefit transfer) നേരിട്ട് പെൻഷൻ ലഭിക്കുന്നു.

## സമത്വം സാങ്കേതിക വിദ്യയിലൂടെ

ഭിന്നശേഷിയുള്ളവർ സമൂഹത്തോട് ഇണങ്ങിച്ചേരാനും അവരുടേതായ സംഭാവനകൾ സമൂഹത്തിന് നൽകാൻ കരുത്ത് പകരുന്നതുമാണ് അസിസ്റ്റീവ് സാങ്കേതികവിദ്യകൾ. ഭിന്നശേഷി വിദ്യാർഥികളെ മുഖ്യധാരാവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുക എന്ന ലക്ഷ്യവും ഇത്തരം സാങ്കേതികവിദ്യകളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ സർക്കാരിനുണ്ട്.

ശ്രവണപരിമിതിക്ക് പ്രത്യേക ഊന്നൽ നൽകി സ്ഥാപിതമായ നിഷ് , നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻഡ് കോഗ്നിറ്റീവ് ന്യൂറോ സയൻസസ് എന്നിങ്ങനെ നിരവധി അന്താരാഷ്ട്ര






നിലവാരത്തിലുള്ള സ്ഥാപനങ്ങൾ കേരളത്തിൽ ഭിന്നശേഷിയുള്ളവരുടെ നേരത്തെയുള്ള തിരിച്ചറിയൽ, ഇടപെടൽ, പുനരധിവാസം, വിദ്യാഭ്യാസം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

സെൻസറി പാർക്ക്, സെൻറർ ഫോർ കമ്മ്യൂണിക്കേഷൻ ആൻഡ് മീഡിയ ഡെവലപ്മെൻറ്, ശ്രവണ സംസാര ഭിന്നശേഷിക്കാർക്കായി കംപ്യൂട്ടർ സെൻറർ, സെന്റർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസസ്, ഡിസെബിലിറ്റി സയന്റിഫിക് റിസർച്ച് സെൽ, ടെലി റിഹാബിലിറ്റേഷൻ യൂണിറ്റ് എന്നിങ്ങനെ പുതിയ സംരംഭങ്ങൾ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഭിന്നശേഷിയുള്ളവരുടെ വിഷമതകൾ പരിഹരിക്കാൻ ഉദ്ദേശിച്ചുള്ളതാണ്.

അസിസ്റ്റീവ് ടെക്നോളജിയിൽ കൂടുതൽ സംരംഭങ്ങളെയും സാങ്കേതിക വിദഗ്ധരെയും സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മേഖലയിലെ ഇന്ത്യയിലെ ആദ്യത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ഇവിടെ ആരംഭിച്ചത്. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള നാല് വർഷ അക്കാദമിക് കോഴ്സായ ബാച്ചിലർ ഓഫ് ഒക്യുപേഷണൽ തെറാപ്പി പ്രോഗ്രാം, ശ്രവണ സംസാര ഭിന്നശേഷിക്കാർക്കായി കേരളത്തിലെ ആദ്യ ഹയർ എഡ്യൂക്കേഷൻ ഫൗണ്ടേഷൻ പ്രോഗ്രാം, എംഎസ്സി ഓഡിയോളജി, എംഎസ്സി സ്പീച്ച് ലാംഗ്വേജ് പാത്തോളജി പ്രോഗ്രാമുകൾ, ഡിപ്ലോമ ഇൻ ടീച്ചിംഗ് ഇന്ത്യൻ സൈൻ ലാംഗ്വിജ്, ഡിപ്ലോമാ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വിജ്, ശ്രവണ സംസാര ഭിന്നശേഷിക്കാർക്കായി കേരളത്തിലെ ആദ്യ ഹയർ എഡ്യൂക്കേഷൻ ഫൗണ്ടേഷൻ പ്രോഗ്രാം, ഏർലി ഇൻറൻവെൻഷൻ വിഭാഗത്തിൽ ദ്വിഭാഷാ പഠന പ്രോഗ്രാം എന്നിവ ഈ മേഖലയിലെ സ്ഥാപനങ്ങൾ നൽകുന്ന കോഴ്സുകളിൽ ചിലത് മാത്രമാണ്.■



# വയസ്സിവിടെ വിലങ്ങല്ല

കേരളം ഒരു ജനസംഖ്യാ മാറ്റത്തിന്റെ പടിവാതിൽക്കൽ നിൽക്കുകയാണ്. കുടുംബാസൂത്രണം ഏറ്റവും മികച്ച രീതിയിൽ നടപ്പാക്കിയതിന്റെ ഭാഗമായി രാജ്യത്തെ ഏറ്റവും കുറഞ്ഞ ജനനനിരക്ക് ഇവിടെയാണ്. പൊതുജനാരോഗ്യ സംവിധാനത്തിന്റെ മികവിൽ ആയുർദൈർഘ്യത്തിലും നമ്മൾ വളരെ മുന്നിലാണ്. ഈ കാരണങ്ങൾകൊണ്ട് മുതിർന്ന പൗരന്മാരുടെ എണ്ണത്തിൽ അത്ഭുതപൂർവമായ വളർച്ചയാണ് കേരളത്തിൽ ഉണ്ടാകുന്നത്. യുഎൻ ജനസംഖ്യാറിപ്പോർട്ട് അനുസരിച്ച് 2036 ആകുമ്പോഴേക്കും കേരളത്തിലെ ജനസംഖ്യയുടെ 22.8% വയോധികരായിരിക്കും. പ്രതീക്ഷിക്കുന്ന ദേശീയ ശരാശരിയായ 15% നേക്കാൾ ഏറെ ഉയർന്ന നിലയിലായിരിക്കും നമ്മൾ.

ഈ സാഹചര്യത്തിൽ മുതിർന്ന പൗരന്മാർക്ക് അനുയോജ്യമായ തരത്തിൽ കേരളസമൂഹത്തെ പരിവർത്തനം ചെയ്യാനുള്ള പ്രവർത്തനങ്ങൾ കാലവിളംബമില്ലാതെ നടപ്പാക്കുകയാണ് സർക്കാർ. 2021ൽ കേരളം കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ വയോശ്രേഷ്ഠ സമ്മാൻ പുരസ്കാരം

**വയോജന പരിപാലനത്തിൽ ദേശീയാംഗീകാരം നേടിയ കേരളമാതൃക**

നേടിയിരുന്നു. മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും ഉറപ്പാക്കുന്ന നിയമം ഫലപ്രദമായി നടപ്പാക്കിയതിന്, 2020 ലും കേരളത്തിന് പുരസ്കാരം ലഭിച്ചിരുന്നു. മികച്ച സാമൂഹികസുരക്ഷയും സേവനങ്ങളും നൽകി മുതിർന്ന പൗരന്മാരുടെ ക്ഷേമം ഉറപ്പാക്കി പ്രവർത്തിക്കുന്ന സർക്കാരാണ് നമുക്കുള്ളത് എന്നകാര്യം ഈ പുരസ്കാരം സാക്ഷ്യപ്പെടുത്തുന്നു.

കൂട്ടുകുടുംബങ്ങളിൽ നിന്ന് അണുകുടുംബങ്ങളിലേക്ക് കേരളം വളരെ വേഗത്തിൽ മാറിയത് വയോജനങ്ങളെ പരിചരിക്കാൻ കുടുംബാംഗങ്ങൾക്ക് കഴിയാത്ത അവസ്ഥ സംജാതമാക്കി.

2018 മുതൽ കേരളസർക്കാർ വയോജനങ്ങൾക്കായി വിപുലമായി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി. വൃദ്ധസദനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്ന സെക്കന്റ് ഇന്നിംഗ്സ് ഹോം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന സായംപ്രഭ ഹോം പദ്ധതി, അടിയന്തര സാഹചര്യങ്ങളിൽ സഹായം നൽകുന്നതിന് വയോരക്ഷ പദ്ധതി, പ്രമേഹ രോഗികളായ വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്ന വയോമധുരം പദ്ധതി, നഗരപ്രദേശത്തെ വയോജനങ്ങൾക്ക് ആരോഗ്യപരിരക്ഷയും മാനസികോന്മേഷവും നൽകുന്നതിന് തുടങ്ങിയ വയോമിത്രംപദ്ധതി, വയോജനങ്ങൾക്ക് ന്യൂട്രീഷണൽ സപ്പോർട്ടിനായി വയോപോഷണം, കൃത്രിമ പല്ല് വെയ്ക്കുന്നതിന് 'മന്ദഹാസം പദ്ധതി' എന്നിവ ഇവയിൽ ചിലത് മാത്രം.

സാമൂഹ്യക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിനാണ് വയോ അമൃതം പദ്ധതി ആവിഷ്കരിച്ചത്. ജീവിത സായാഹ്നത്തിൽ വയോജനങ്ങൾ അനുഭവിക്കുന്ന ഒറ്റപ്പെടൽ , മാനസിക സമ്മർദ്ദം, ആരോഗ്യപ്രശ്നങ്ങൾ, രോഗങ്ങൾ എന്നിവയ്ക്ക് ആയുർവേദ വിധി പ്രകാരം സൗജന്യമായി

മുതിർന്ന പൗരന്മാരുടെ സംരക്ഷണവും ക്ഷേമവും ഉറപ്പാക്കുന്ന നിയമത്തിന്റെ സംരക്ഷണം ആവശ്യപ്പെട്ട് ലഭിക്കുന്ന പരാതികളിൽ പരിഹാരം കാണാൻ റവന്യൂഡിവിഷണൽ ഓഫീസർമാരെ മെയിന്റനൻസ് ട്രൈബ്യൂണലുകളിലെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചു. മുതിർന്ന പൗരന്മാർ സമർപ്പിക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പും അടിയന്തര നടപടികൾ സ്വീകരിച്ചു. പരാതി സംബന്ധിച്ച നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഓരോ ട്രൈബ്യൂണലിലും ടെക്നിക്കൽ അസിസ്റ്റന്റുമാരെയും കൺസീലിയേഷൻ ഓഫീസർമാരെയും സംസ്ഥാന തലത്തിൽ സ്റ്റേറ്റ് കോ-ഓർഡിനേറ്ററേയും നിയമിച്ചു. കൂടാതെ അദാലത്തുകൾ, നിയമത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ എന്നിവയും സംസ്ഥാനത്തുടനീളം നടത്തിവരുന്നു. 2022-23 വർഷത്തിൽ ലഭിച്ച 8825 പരാതികളിൽ 64% അതിവേഗം തീർപ്പാക്കി.

മുതിർന്നപൗരന്മാരുടെ എല്ലാത്തരം പരാതികളും പരിഹരിക്കുന്നതിന് സാമൂഹ്യനീതിവകുപ്പിന്റെ എൽഡർ ലൈൻ പദ്ധതിയുണ്ട്. 14567 എന്ന ടോൾ ഫ്രീ നമ്പറിലൂടെ ഇതിൽ അനായാസമായി പരാതികൾ സമർപ്പിക്കാം.





ചികിത്സയും സാന്ത്വന പരിചരണവും നൽകിവരുന്നു. ഇത് കൂടാതെ നിംഹാൻസുമായി സഹകരിച്ച് മാനസിക സാമൂഹിക പരിചരണ (Psychoosclal Care) പദ്ധതി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ വൃദ്ധസദനങ്ങളിലെ താമസക്കാർക്കായി നടപ്പാക്കി വരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വയോ ക്ലബ്ബുകൾ എന്നപേരിൽ പകൽ സമയത്ത് പ്രവർത്തിക്കുന്ന വിശ്രമ-വിനോദ കേന്ദ്രങ്ങൾ സ്ഥാപിച്ചുവരുന്നു. വാർധക്യ സഹജമായ അൽഷിമേഴ്സ്, ഡിമെൻഷ്യ എന്നീ മറവിരോഗങ്ങൾ ബാധിച്ചവരെ ശാസ്ത്രീയമായി പരിചരിക്കേണ്ടത് ഒരു വയോജനസൗഹൃദ സമൂഹത്തിന് അത്യന്താപേക്ഷിതമാണ്. അൽഷിമേഴ്സ് ആൻഡ് റിലേറ്റഡ് ഡിസോർഡേഴ്സ് സൊസൈറ്റി ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് കേരള സ്റ്റേറ്റ് ഇനീഷ്യേറ്റീവ് ഓൺ ഡിമെൻഷ്യ. കൂടാതെ ഹർഷം വയോജന പരിപാലന പദ്ധതിയിലൂടെ പഞ്ചായത്ത് തലങ്ങളിൽ രോഗീപരിചരണവും സാധ്യമാക്കിയിട്ടുണ്ട്.

ആശുപത്രികളെ വയോജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 16 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജ ക്ലിനിക്കുകളും ഫിസിയോതെറാപ്പി യൂണിറ്റുകളും ഉടൻ ആരംഭിക്കും. വിലപിടിപ്പുള്ള പല മെഡിക്കൽ ഉപകരണങ്ങളും വയോജനങ്ങൾക്ക് സൗജന്യമായി നൽകിവരുന്നു. സർക്കാർ അംഗീകൃതമായ 716 വൃദ്ധസദനങ്ങളിൽ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ വർഷത്തിൽ മൂന്നുതവണ നടത്താറുണ്ട്.





**സംസ്ഥാനം ഹൃദയപൂർവം ഏറ്റെടുത്തു നടപ്പാക്കിയ സാന്ത്വന പരിചരണ പദ്ധതി പ്രകാരവും ഗൃഹകേന്ദ്രീകൃതമായി ഉയർന്ന ഗുണനില വാരത്തിലുള്ള സാന്ത്വന പരിചരണം നൽകുന്നു.**

നമ്മുടെ മികച്ച സാമൂഹ്യ സുരക്ഷാവലയവും വികേന്ദ്രീകൃതഭരണ സംവിധാനവും സർക്കാർ മുതിർന്ന പൗരന്മാരുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പ്രയോജനപ്പെടുത്തുകയാണ്.

അർഹരായവരുടെ പടിവാതിൽക്കൽ തന്നെ സർക്കാർ സേവനങ്ങൾ എത്തിക്കുന്നതിനായി രൂപീകരിച്ച പദ്ധതിയാണ് വാതിൽപ്പടി സേവനം. ആശാ പ്രവർത്തകർ, സന്നദ്ധസേന വോളണ്ടിയർമാർ എന്നിവരുടെ സഹായത്തോടെ ആദ്യ ഘട്ടത്തിൽ ലൈഫ് സർട്ടിഫിക്കറ്റ്, മസ്റ്ററിംങ്,സാമൂഹ്യ സുരക്ഷാപെൻഷൻ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള അപേക്ഷ, ജീവൻരക്ഷാമരുന്നുകൾ എന്നിവയ്ക്ക് ഈ സേവനം ലഭ്യമാണ്. 60 വയസ്സ് കഴിഞ്ഞവർക്കും ഭിന്നശേഷിക്കാർ, കിടപ്പുരോഗികൾ, ചലന പരിമിതി അനുഭവിക്കുന്നവർ എന്നിവർക്കും ഗുണഭോക്താക്കളാകാം.

സംസ്ഥാനം ഹൃദയപൂർവം ഏറ്റെടുത്തു നടപ്പാക്കിയ സാന്ത്വന പരിചരണ പദ്ധതി പ്രകാരവും ഗൃഹകേന്ദ്രീകൃതമായി ഉയർന്ന ഗുണനിലവാരത്തിലുള്ള സാന്ത്വനപരിചരണം നൽകുന്നു. ഇതിനായി ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ സൗകര്യമൊരുക്കിയിരിക്കുന്നു. വയോജനങ്ങൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വയോജന ജാഗ്രത സമിതിയും പ്രവർത്തിച്ചുവരുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ സമ്പൂർണ്ണ വയോജനസൗഹൃദ സംസ്ഥാനം എന്ന ലക്ഷ്യം പ്രാപ്യമാക്കുകയാണ് പിണറായി വിജയൻ സർക്കാർ. ■

## സന്ധ്യക്ക് വിരിയുന്ന പൂക്കൾ

### വയോ ക്ലബ്ബുകൾ, സംരംഭകർക്ക് വായ്പ, തുല്യതാപരീക്ഷ

ഔപചാരികവിദ്യാഭ്യാസം നേടാൻ കഴിയാതെപോയവർക്ക് പ്രായഭേദമെന്യേ സാക്ഷരതാമിഷൻ നടത്തുന്ന തുല്യത പരീക്ഷകളിലൂടെ പഠനം പൂർത്തിയാക്കാം. സാക്ഷരത പ്രേരകമാർ പഠിതാക്കൾക്ക് ക്ലാസുകൾ ലഭ്യമാക്കുന്നു. തുല്യതാപരീക്ഷ പാസായ 104 വയസ്സുകാരിയായ കുട്ടിയമ്മയുടേത് പോലുള്ളവരുടെ കഥകൾ കേരളത്തിന്റെ മാതൃകാപരമായ പ്രവർത്തനങ്ങളുടെ നേർസാക്ഷ്യമാണ്.

പൊതുഗതാഗതത്തിന് ഉപയോഗിക്കുന്ന ബസ്സുകളിൽ സർക്കാർ ഉത്തരവിലൂടെ 20 ശതമാനം സീറ്റുകൾ 60 വയസ്സിന് മുകളിലുള്ളവർക്കായി സംവരണം ചെയ്തു. ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രശാന്തി ഹെൽപ് ലൈൻ കോൾസെന്ററുകൾ ബീറ്റ് പോലീസ് മുഖേന വയോജനങ്ങൾക്ക് അടിയന്തര സഹായം എത്തിക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള മുതിർന്ന പൗരൻമാർക്ക് നവജീവൻ പദ്ധതിയിലൂടെ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ വായ്പ, സർക്കാർ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ പ്രവേശന ഫീസിൽ 50% ഇളവ് എന്നിങ്ങനെ വയോജന ക്ഷേമം ഊട്ടിയുറപ്പിക്കാൻ സർക്കാർ വിവിധങ്ങളായ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.



# കേരളം തൊഴിലാളി ക്ഷേമത്തിന്റെ മാതൃകാസ്ഥാനം

**തൊ**ഴിലാളികളുടെ ക്ഷേമവും അവകാശങ്ങളും ഉറപ്പാക്കുന്ന കേരളത്തിന്റെ തൊഴിൽനയം രാജ്യത്തിനുതന്നെ മാതൃകയാണ്. വിവിധ മേഖലകളിലെ തൊഴിലാളികളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് സ്ഥിരോത്സാഹത്തോടുകൂടി പദ്ധതികളും നയങ്ങളും നടപ്പാക്കി പുരോഗമനപരമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

തൊഴിലിന് അന്തർദേശീയ മാനം കല്പിക്കുന്ന ജനതയാണ് കേരളീയർ. 2023 മെയ് മാസത്തിൽ തിരുവനന്തപുരത്ത് നടന്ന അന്താരാഷ്ട്ര ലേബർ കോൺക്ലേവ് കേരളത്തിന്റെ തൊഴിൽ മേഖലയിൽ പുതിയ ദിശാബോധം നൽകുന്നതിന് സഹായകമായി. കേരളസർക്കാരും അന്താരാഷ്ട്ര തൊഴിൽ സംഘടന

**കേരളത്തിന്റെ തൊഴിൽനയം രാജ്യത്തിനുതന്നെ മാതൃകയാണ്.**

(കഘചര) യും സംയുക്തമായി നടത്തിയ കോൺക്ലേവിൽ  തൊഴിലാളികളുടെ അവകാശം, സാമൂഹിക സുരക്ഷ, നൈപുണ്യവികസനം തുടങ്ങിയ വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു.

തൊഴിലാളികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും പ്രാധാന്യം നൽകുന്ന തരത്തിൽ തൊഴിൽനിയമങ്ങളിൽ കാലാനുസൃത മാറ്റങ്ങൾ കൊണ്ടുവരാൻ സർക്കാരിനു കഴിഞ്ഞു. പുതുക്കിയ ഭേദഗതി പ്രകാരം പുരുഷൻമാർക്ക് പരമാവധി ചുമട് ഭാരം 55 കിലോയും സ്ത്രീകൾക്കും കൗമാരക്കാർക്കും ചുമട് ഭാരം 35 കിലോയും ആക്കി കുറച്ചു. കയറ്റിറക്ക് തൊഴിലാളി തർക്കങ്ങൾ പരിഹരിക്കുന്നതിന് 'തൊഴിൽ സേവ' ആപ്പ്  പുറത്തിറക്കി. നോക്കുകൂലി, ചുമട്ടുതൊഴിൽ തർക്കങ്ങൾ തുടങ്ങിയവ ഒഴിവാക്കുന്നതിനാണ് ലേബർകമ്മീഷണറുടെ മേൽനോട്ടത്തിൽ ഈ മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിച്ചത്.

നിലവിൽ കേരളത്തിലെ 16 ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഓൺലൈനായി നടക്കുന്നു. അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം (അകകട) നടപ്പാക്കിയതിലൂടെ അർഹരായവർക്ക് വേഗത്തിൽ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനും പെൻഷൻ ഇരട്ടിപ്പ് തടയുന്നതിനും സാധിക്കുന്നു.  തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനായി ഒൻപത്  നിയമഭേദഗതികൾ കൊണ്ടുവന്നും  ക്ഷേമനിധി ബോർഡുകളെ ശാക്തീകരിച്ചും തൊഴിലാളികൾക്ക് കൃത്യമായി ആനുകൂല്യങ്ങൾ ലഭ്യമാക്കിയും സർക്കാർ തൊഴിലാളിസൗഹൃദനയം വ്യക്തമാക്കി. തൊഴിൽസംബന്ധമായ പരാതികൾ കാര്യക്ഷമമായി പരിഹരിക്കാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. ലേബർ കമ്മിഷണറുടെ വെബ്സൈറ്റിലൂടെയാണ് പരാതികൾ നൽകേണ്ടത്.

## വേതനത്തിൽ ഒന്നാമത് കേരളം

വേതനത്തിന്റെ കാര്യത്തിൽ രാജ്യത്തിന് മാതൃകയാണ് കേരളം. ഗ്രാമീണ തൊഴിലാളികൾക്ക് ദേശീയ ശരാശരിയേക്കാൾ ഇരട്ടിയിലധികം വേതനം നൽകുന്നു.  നിർമ്മാണമേഖലയിലും കാർഷിക മേഖലയിലും ഏറ്റവും കൂടുതൽ വേതനം നൽകുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഗ്രാമീണ തൊഴിലാളികൾക്ക് ദേശീയ ശരാശരിയേക്കാൾ ഇരട്ടിയിലധികം വേതനം. 84 തൊഴിൽ മേഖലകളിൽ മിനിമം വേതനം നടപ്പാക്കിയ സംസ്ഥാനവും കേരളം തന്നെ. മാധ്യമരംഗത്തും ആദ്യമായി മിനിമം വേതനം നടപ്പിലാക്കിയത് കേരളത്തിലാണ്.

## തൊഴിൽ മികവിന് പുരസ്കാരങ്ങൾ

തൊഴിൽമികവിന് പുരസ്കാരം നൽകുന്ന ഏക സംസ്ഥാനം.18 തൊഴിൽ മേഖലകളിലായി വിവിധ പുരസ്കാരങ്ങളാണ് സംസ്ഥാന സർക്കാർ നൽകുന്നത്. മികച്ച പ്രവർത്തനം നടത്തുന്ന തൊഴിൽ സ്ഥാപനങ്ങൾക്കും അംഗീകാരം നൽകുന്നുണ്ട്.



# സഹജ കാൾസെന്റർ

സ്ത്രീകൾക്ക് തൊഴിലിടങ്ങളിൽ നേരിടുന്ന വിഷമതകൾ പരിഹരിക്കാൻ തൊഴിൽ വകുപ്പിന്റെ ടോൾഫ്രീ കാൾസെന്റർ. 1800 425 55215 എന്ന നമ്പറിൽ പേരും വിലാസവും വെളിപ്പെടുത്താതെതന്നെ പരാതി നൽകാം. രാവിലെ 10 മുതൽ വൈകിട്ട് 5 വരെ പ്രവർത്തിക്കുന്നു. പരാതികൾക്ക് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിഹാരം കാണും. പരാതി നമ്പർ ഉപയോഗിച്ച് തുടർനടപടികൾ അറിയാനും സാധിക്കും.

## അസംഘടിത തൊഴിലാളികളുടെ ക്ഷേമം

അസംഘടിതതൊഴിലാളികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും പ്രാധാന്യം നൽകുന്ന നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചു. മിനിമം വേതനം ഉറപ്പാക്കാൻ 'വേതന സുരക്ഷാ പദ്ധതിയും ഗാർഹിക തൊഴിലാളികൾക്ക് അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാപദ്ധതിയിൽ അംഗത്വം നൽകാനും കഴിഞ്ഞു. ഇവർക്ക് റിട്ടയർമെന്റ്, വിവാഹം, പ്രസവം, ചികിത്സ, മരണം തുടങ്ങിയ ആനുകൂല്യങ്ങൾ, ക്ഷേമപെൻഷൻ, 10,000 രൂപ വരെ ചികിത്സാസഹായം എന്നിവ ഏർപ്പെടുത്തി.

തോട്ടം തൊഴിലാളികളുടെ പെൻഷൻ പ്രായം 60 വയസാക്കി ഉയർത്തി. തൊഴിൽസ്ഥലത്തോ സമീപത്തോ വീട് വച്ചുനൽകുന്ന പദ്ധതി ഏർപ്പെടുത്തി. കൂടാതെ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമ ബോർഡിന് ഗ്രാന്റ്, പരമ്പരാഗത തൊഴിലാളികൾക്കായി സാമ്പത്തിക പിന്തുണ നൽകുന്ന പദ്ധതികൾ എന്നിവയും നിലവിലുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2023 നവംബർ വരെ 5544 സ്ഥിരം നിയമനങ്ങളും 21,860 താൽക്കാലിക നിയമനങ്ങളും നടത്തി. സ്വയം തൊഴിൽ ഗുണഭോക്താക്കൾക്ക് 49.2 കോടി രൂപയുടെ ധനസഹായവും 25918 പേർക്ക് സ്വകാര്യമേഖലയിൽ തൊഴിലും നൽകാൻ കഴിഞ്ഞിട്ടുണ്ട്. 958 തൊഴിൽ മേളകൾ സംഘടിപ്പിച്ച് 14,881 പേർക്ക് തൊഴിൽ ലഭ്യമാക്കി.

കൊട്ടാരക്കര, തിരുവനന്തപുരത്തെ കരമന എന്നിവിടങ്ങളിൽ പുതിയ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചു. ആറ് ഇ.എസ്.ഐ ആശുപത്രികളിൽ പുതിയ പോസ്റ്റ് ഓപ്പറേറ്റീവ് ഐ.സി.യു വും പാലക്കാട് ആലത്തൂർ, ഇടുക്കി മൂന്നാർ കണ്ണൻദേവൻ ഹിൽസ് എന്നിവിടങ്ങളിൽ പുതിയ ഇ.എസ്.ഐ ഡിസ്പെൻസറികൾ തുടങ്ങാനും 24 പുതിയ നഴ്സിംഗ് ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കാനും സാധിച്ചു.

## തൊഴിലാളികൾക്കായി പാർപ്പിടപദ്ധതികൾ

സർക്കാർ തൊഴിലാളികൾക്കായി വിവിധ പാർപ്പിടപദ്ധതികൾ നടപ്പാക്കി. നഗരങ്ങളിലെ സ്ത്രീത്തൊഴിലാളികൾക്ക് വാടകയ്ക്ക് സ്റ്റുഡിയോ അപ്പാർട്മെന്റുകൾ ലഭ്യമാക്കി. കുറഞ്ഞ വരുമാനക്കാരായ തൊഴിലാളികൾക്ക് ജനനി പാർപ്പിട പദ്ധതി, അതിഥിത്തൊഴിലാളികൾക്ക് 6.5 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ഫ്ളോർ ഏരിയയും അടുക്കളയും പൊതുവരാന്തയും പൊതു ടോയ്‌ലറ്റും ഉൾപ്പെടെയുള്ള മെച്ചപ്പെട്ട താമസ സൗകര്യമുള്ള വാടക കെട്ടിടം ലഭ്യമാക്കുന്ന 'ആലയ്' പദ്ധതി എന്നിവ ഈ മേഖലയിലെ പ്രധാന ചുവടുവയ്പ്പുകളാണ്.

അതിഥിത്തൊഴിലാളികൾക്കായി ശ്രമിക് ബന്ധു ഫെസിലിറ്റേഷൻ സെന്ററുകൾ എല്ലാ ജില്ലകളിലും സജ്ജീകരിച്ചിട്ടുണ്ട്. ഇതിലൂടെ ജോലി, ബാങ്കിംഗ്, ആരോഗ്യം, അപകട ധനസഹായം തുടങ്ങിയ കാര്യങ്ങളിൽ സഹായം ലഭ്യമാക്കുന്നു.





## സുരക്ഷിത തൊഴിലിടങ്ങൾ

ഫാക്ടറികളിൽ അപകടം ഉണ്ടായാൽ ജിയോ സ്പേഷ്യൽ സാങ്കേതികവിദ്യ ഉപയോഗിച്ച് ജാഗ്രതാ സന്ദേശം മൊബൈലിൽ ലഭിക്കും

അതിഥിത്തൊഴിലാളികൾക്ക് 'ആവാസ് ആരോഗ്യ ഇൻഷ്വറൻസ് ' ഏർപ്പെടുത്തിയതിലൂടെ രാജ്യത്ത് ആദ്യമായി അന്യസംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന സംസ്ഥാനമായി കേരളം മാറി. അതിഥി തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷാ പദ്ധതികൾ പ്രഖ്യാപിച്ചും അതിഥി പോർട്ടൽ രജിസ്ട്രേഷൻ നിർബന്ധമാക്കിയും പരാതിപ്പെടാനും കൂലി നിരക്ക് അറിയാനും സഹായിക്കുന്ന 'അതിഥി ആപ്പ്' പുറത്തിറക്കിയും സർക്കാർ ഈ മേഖലയിൽ സജീവമാണ്.



### വിദേശതൊഴിലുകൾക്ക് ഒഡെപെക്

വിദേശ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിൽ കേരളത്തിലെ യുവതലമുറയെ സഹായിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഒഡെപെക് സ്ഥാപിക്കുന്നത്. കഴിഞ്ഞ ഏഴ് വർഷത്തിൽ 3409 പേരെ വിദേശ രാജ്യങ്ങളിലേക്ക് റിക്രൂട്ട് ചെയ്യാൻ ഒഡെപെക്കിന് കഴിഞ്ഞു. ഗൾഫ് രാജ്യങ്ങൾ, മാലിദ്വീപ്, യു.കെ., അയർലൻഡ്, ജർമ്മനി, ബെൽജിയം തുടങ്ങിയ രാജ്യങ്ങളിലേക്ക് നേഴ്സ്, ഡോക്ടർ, എൻജിനീയർ, അധ്യാപകർ തുടങ്ങി വിവിധ തസ്തികകളിലാണ് നിയമനം നടന്നത്. കൂടാതെ റിയാദ്, അബുദാബി, ദുബായ് എന്നിവിടങ്ങളിൽ എംപ്ലോയർ മീറ്റ് സംഘടിപ്പിക്കാനും കഴിഞ്ഞു.

## ആവാസ് ആരോഗ്യ ഇൻഷ്വറൻസ്

കേരളം രാജ്യത്ത് ആദ്യമായി അന്യസംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന സംസ്ഥാനം.

IELTS/OET പരീക്ഷകൾ, ജർമ്മൻ ഭാഷ എന്നിവയിൽ പരിശീലനവും ഒഡെപെക് ലഭ്യമാക്കുന്നുണ്ട്. അങ്കമാലിയിൽ പ്രവർത്തിക്കുന്ന ഒഡെപെക്കിന്റെ ഐഇഎൽടിഎസ് (ഐഇഎൽടിഎസ് ചിഹ്നം) പരീക്ഷാ കേന്ദ്രം ഏഷ്യയിലെ തന്നെ ഏറ്റവും വലിയതാണ്.

ഒഡെപെക് മുഖേന 28 കുട്ടികൾക്ക് വിദേശപഠനം ലഭ്യമാക്കി. ഉന്നതി സ്കോളർഷിപ്പ് ഫോർ ഓവർസീസ് സ്റ്റഡീസ് പ്രകാരം 310 പട്ടിക ജാതി-പട്ടിക വർഗ വിദ്യാർഥികൾക്ക് 25 ലക്ഷം രൂപവരെ ലഭിക്കും.

### വിർച്വൽ പ്രവാസി പോർട്ടൽ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള സേവനങ്ങൾ കാര്യക്ഷമവും സുതാര്യവും ആക്കാൻ മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചു. തിരുവനന്തപുരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മോഡൽ ജില്ലാ എക്സ്ചേഞ്ച് ആയി ഉയർത്തി ടച്ച്സ്ക്രീൻ കിയോസ്ക്, സ്മാർട്ട് കാർഡ് സൗകര്യം, എംപ്ലോയബിലിറ്റി സെന്റർ എന്നിവ ഏർപ്പെടുത്തി. പ്രവാസികൾക്കായി വിർച്വൽ പ്രവാസി പോർട്ടൽ ആരംഭിക്കാനും സാധിച്ചു. സർക്കാരിന്റെ ഇത്തരം നിരന്തരപരിശ്രമങ്ങളുടെ ഫലമായാണ് ഒരു യഥാർഥ തൊഴിലാളി സൗഹൃദസംസ്ഥാനമായി കേരളം നിലകൊള്ളുന്നത്. ■



# മാറുന്ന മലയാളി മാറുന്ന കാർഷികരംഗം

മലയാളികൾക്ക് കൃഷി സംസ്കാരത്തിന്റെ ഭാഗമാണ്. കാർഷികസമൃദ്ധിയുടെ വർത്തമാനത്തിനു മാത്രമല്ല, നല്ല പുലരികൾക്കും കർഷകരെ ചേർത്തുപിടിക്കേണ്ടതുണ്ടെന്ന ഉത്തമബോധ്യത്തിലാണ് കർഷകർക്കായി ഓരോ പദ്ധതികളും സർക്കാർ മുന്നോട്ട് വയ്ക്കുന്നത്.

എല്ലാ മേഖലയിലുമെന്ന പോലെ കാർഷികമേഖലയിലും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കാലാനുസൃതമായ മാറ്റങ്ങളാണ് നടപ്പാക്കുന്നത്. വിളകളുടെ ശേഖരണത്തിലും മാന്യമായ വരുമാനം ഉറപ്പാക്കുന്നതിലും സർക്കാർ പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ട്.

കേരളത്തിലെ കാർഷികമേഖലയെ കൂടുതൽ ഊർജസ്വലമാക്കുന്നതിനായി നടപ്പാക്കിയ പ്രധാനപ്പെട്ട പദ്ധതികളാണ് പോഷകസമൃദ്ധി മിഷനും ജൈവ കാർഷികമിഷനും. പോഷകസമ്പുഷ്ടമായ കാർഷിക വിളകളുടെ കൃഷിക്ക് ഊന്നൽ

> കാർഷികമേഖലയെ കൂടുതൽ ഊർജ സ്വലമാക്കുന്നതിനായി നടപ്പാക്കിയ പ്രധാന പ്പെട്ട പദ്ധതികളാണ് പോഷകസമൃദ്ധി മിഷനും ജൈവ കാർഷികമിഷനും.

നൽകിയും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും ക്യാമ്പയിൻ രൂപത്തിൽ നടത്തുന്ന സമഗ്ര പരിപാടിയാണ് 'പോഷക സമൃദ്ധി മിഷൻ'. പച്ചക്കറികൾ, പഴവർഗവിളകൾ, കിഴങ്ങുവർഗവിളകൾ, പയർവർഗങ്ങൾ, കൂൺകൃഷി എന്നിവയോടൊപ്പം പോഷകസമ്പുഷ്ടമായ ചെറുധാന്യവിളകളെയും മിഷന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് ജൈവ കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനാണ് ജൈവ കാർഷിക മിഷൻ രൂപീകരിച്ചത്. കാലാവസ്ഥവ്യതിയാനത്തെ നേരിടുന്നതിനുള്ള പദ്ധതികളായ 'കാർബൺ തുലിത കൃഷി', 'നാച്യുറൽ ഫാമിംഗ്' എന്നീ പദ്ധതികൾക്കൊപ്പം സുരക്ഷിതഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതിസൗഹൃദം എന്നിവയിൽ അവബോധം സൃഷ്ടിക്കുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും മിഷനിലൂടെ സാധിക്കുന്നു. വരുന്ന അഞ്ച് വർഷത്തിനുള്ളിൽ കുറഞ്ഞത് 50,000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പിലാക്കും.

### നാളികേരകൃഷിക്ക് കേരഗ്രാമങ്ങൾ

നാളികേരത്തിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് കേരഗ്രാമം പദ്ധതി നടപ്പാക്കുന്നത്. ജൈവവളം, പച്ചിലവളങ്ങൾ എന്നിവയുടെ പ്രയോഗം, ശാസ്ത്രീയ പരിപാലന രീതികൾ സ്വീകരിക്കൽ, ജൈവകീട രോഗനിയന്ത്രണ മാർഗത്തിലൂടെ പരിപാലനം, മൈക്രോ ഇറിഗേഷൻ ഉൾപ്പെടെയുള്ള ജലസേചന യൂണിറ്റ് (തുറന്ന കിണർ കുഴിക്കൽ, ഡ്രിപ് യൂണിറ്റ് സ്ഥാപിക്കൽ, പമ്പ്സെറ്റ്, അനുബന്ധ ഉപകരണങ്ങൾ) സ്ഥാപിക്കൽ, ജൈവവള നിർമാണ യൂണിറ്റുകൾ സ്ഥാപിക്കൽ, ക്ലസ്റ്ററുകൾക്കുള്ള തെങ്ങുകയറ്റ ഉപകരണങ്ങളുടെ വിതരണം, പ്രായമായതും രോഗമുള്ളതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഗുണമേന്മയുള്ള തൈകൾ നട്ട് പിടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### 30,000 കൃഷിക്കൂട്ടങ്ങൾ, മൂന്ന് ലക്ഷം തൊഴിലവസരങ്ങൾ

ഓരോ പഞ്ചായത്തിലും കാർഷികമേഖലയിൽ പ്രവർത്തിച്ചുവരുന്ന 30,000 കൃഷിക്കൂട്ടങ്ങളെ സജ്ജമാക്കി എഫ്.പി.ഒകൾ രൂപീകരിച്ച്, കാർഷികോൽപന്നങ്ങളുടെ ഉൽപാദനത്തിലും മൂല്യവർദ്ധനവിലും വിപണനത്തിലും ശക്തമായ ഇടപെടൽ നടത്തുക വഴി കർഷകരുടെ വരുമാനവർധന ലക്ഷ്യമിടുന്നു. പദ്ധതിയിലൂടെമൂന്ന് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്.

### കൃഷിയിടാധിഷ്ഠിത ആസൂത്രണം

വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ, സംസ്ഥാന അടിസ്ഥാനത്തിൽ ഉൽപാദന, വിളനിർണ്ണയ, വിപണന രേഖകൾ തയ്യാറാക്കുന്നു. പദ്ധതിയുടെ ഭാഗമായി നടപ്പ് സാമ്പത്തികവർഷത്തിൽ 1000 സംയോജിത കൃഷിസമ്പ്രദായ പ്ലോട്ടുകൾ ഉൾപ്പടെ 10,760 കൃഷിയിടങ്ങളിൽ ഫാം പ്ലാൻ അധിഷ്ഠിത വികസനം നടപ്പിലാക്കും. പദ്ധതിയ്ക്കായി 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### കാർബൺ ന്യൂട്രൽ ഫാം

സംസ്ഥാനത്തെ ആദ്യ കാർബൺ ന്യൂട്രൽ ഫാമായി ആലുവ സ്റ്റേറ്റ് സീഡ് ഫാമിനെ പ്രഖ്യാപിച്ചു. ഈ വർഷം കൃഷി വകുപ്പിന്റെ 14 ഫാമുകളെക്കൂടി കാർബൺ ന്യൂട്രൽ ഫാമുകളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കും.

### നെൽക്കൃഷിയിൽ 'ഡ്രോൺ' പ്രയോഗം

നെൽക്കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളിയായ സൂക്ഷ്മമൂലകങ്ങളുടെ അഭാവം പരിഹരിക്കുന്നതിനായി ഡ്രോൺ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ 9,750 ഹെക്ടർ നെൽക്കൃഷിയിൽ ഇലകളിലൂടെ സൂക്ഷ്മമൂലകങ്ങൾ ഡ്രോൺ ഉപയോഗിച്ച് പ്രയോഗിക്കും. ഇതിലൂടെ നെൽക്കൃഷിയുടെ ഉൽപദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുവാൻ സാധിക്കും.






## കരുതലായി വൈഗ റിസോഴ്സ് സെന്ററുകൾ

കർഷകർക്ക് അറിവുകൾ പകർന്നു കൊടുക്കുന്നതിനായി ജില്ലകൾ തോറും രൂപവൽക്കരിക്കുന്ന വികേന്ദ്രീകൃത സംവിധാനമാണ് വൈഗ റിസോഴ്സ് സെന്ററുകൾ. ഒരു കർഷകന്റെ/ സംരംഭകന്റെ ആവശ്യങ്ങൾ മനസ്സിലാക്കി അതനുസരിച്ച് ഡിപിആർ തയ്യാറാക്കൽ മുതലുള്ള എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാകുന്ന രീതിയിലാണ് ഇവ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിലൂടെ, ഡിപിആർ ക്ലിനിക്കുകൾ, ബി2ബി മീറ്റുകൾ, സെമിനാറുകൾ, എക്സിബിഷൻ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനും സംരംഭം ആരംഭിക്കുന്നതിനും വിജയകരമായി പ്രവർത്തനം തുടരുന്നതിനുമുള്ള എല്ലാ സഹായങ്ങളും (ലൈസൻസുകൾ ലഭ്യമാക്കൽ, വായ്പസംവിധാനം തുടങ്ങിയവ) സംരംഭകർക്ക് ലഭ്യമാകും.

## കേരൾ അഗ്രോ, കേരളത്തിന്റെ സ്വന്തം ബ്രാൻഡ്

കൃഷിവകുപ്പിന്റെ ഫാമുകൾ, എഫ്.പി.ഒ.കൾ, കർഷക ഗ്രൂപ്പുകൾ, കൃഷിക്കൂട്ടങ്ങൾ എന്നിവ ഉൽപാദിപ്പിക്കുന്ന കാർഷിക ഉൽപന്നങ്ങൾ 'കേരൾ അഗ്രോ' എന്ന ബ്രാൻഡിൽ വിപണിയിലെത്തും. ഓരോ ജില്ലയിലും ഒന്ന് വീതം എന്ന കണക്കിൽ 14 കേരൾ അഗ്രോ റീട്ടെയിൽ ഷോപ്പുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ കൃഷി വകുപ്പ് ഉൽപാദിപ്പിക്കുന്ന 205 ഉത്പന്നങ്ങൾ കേരൾ അഗ്രോ ബ്രാൻഡിൽ ആമസോൺ വെബ്സൈറ്റിൽ ഓൺബോർഡ് ചെയ്തിട്ടുണ്ട്.



## കേരളത്തിലും മില്ലറ്റ് കഫേ

അന്താരാഷ്ട്ര മില്ലറ്റ് വർഷത്തിന്റെ ഭാഗമായി രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലൂടെ മില്ലറ്റ് വില്ലേജ് കേരളത്തിലും നടപ്പാക്കുകയാണ്. അതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 3500 ഹെക്ടർ സ്ഥലത്തു മില്ലറ്റ് കൃഷി വ്യാപിപ്പിക്കും. കൂടാതെ, എല്ലാ ജില്ലകളിലും ഒരു 'മില്ലറ്റ് കഫേ' സ്ഥാപിക്കാനും പദ്ധതിയുണ്ട്.

## സ്മാർട്ടാകുന്ന കൃഷിഭവനുകൾ

ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കർഷകർക്ക് പരമാവധി സേവനം വേഗത്തിൽ ലഭ്യമാക്കുന്നതിനായി കൃഷി ഭവനുകളെ 'സ്മാർട്ട് കൃഷി ഭവനുകളായി' മാറ്റുന്ന പ്രവർത്തനവും പുരോഗമിക്കുകയാണ്. കൃഷിഭവനുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുക എന്ന ലക്ഷ്യത്തോടെ കാർഷികവികസന കർഷകക്ഷേമവകുപ്പിൽ സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കി വരികയാണ്.

കാർഷികബ്ലോക്കുകൾ അടിസ്ഥാനപ്പെടുത്തി കർഷകരുടെ പ്രശ്നങ്ങൾക്ക് ഉടനടി തീർപ്പു കല്പിക്കുന്നതിന് കൃഷിമന്ത്രിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരും വിദഗ്ധരും കൃഷിയിടങ്ങളിലേക്കിറങ്ങി നടത്തുന്ന പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞമാണ് കൃഷിദർശൻ. ഒല്ലൂക്കര, തലശ്ശേരി, നെടുമങ്ങാട്, ഹരിപ്പാട് ബ്ലോക്കുകളിൽ പരിപാടി സംഘടിപ്പിക്കുകയുണ്ടായി.



കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി ആരംഭിച്ചതാണ് കൃഷിശ്രീ സെന്ററുകൾ. കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നൽകുക, തരിശു കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉൽപാദന, വിതരണ മേഖലകളിൽ ഇടപെടുക തുടങ്ങിയവയാണ് ലക്ഷ്യം.

## വന്യമൃഗങ്ങളിൽനിന്നും രക്ഷ

കൃഷിയിടങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണം കുറയ്ക്കുന്നതിനും കാർഷികവിളകളെ സംരക്ഷിക്കുന്നതിനുമായി രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി കേരളത്തിൽ നടപ്പിലാക്കും. സൗരോർജത്തിൽ പ്രവർത്തിക്കുന്ന ഫെൻസിങ്, Hanging solar fencing, ഹാങ്ങിങ്ങ് സോളാർ ഫെൻസിങ്ങ്, ബയോ റിപ്പല്ലന്റുകൾ, അഗ്രി സ്റ്റാർട്ടപ്പുകൾ നിന്നുള്ള റിപ്പല്ലന്റുകൾ, സെൻസറുകളെ അടിസ്ഥാനമാക്കിയുള്ള മൃഗങ്ങളെ ഭയപ്പെടുത്തുന്ന ഉപകരണം സ്ഥാപിക്കൽ, തേനീച്ച കൂട് ഫെൻസിങ്, ഡ്രോണുകളുടെ ഉപയോഗം മുതലായവ ഉപയോഗപ്പെടുത്തുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

## കേരയും കാബ്കോയും

പ്രകൃതി ദുരന്തങ്ങളുടെ ആഘാതങ്ങൾക്കെതിരെ കേരളത്തിന്റെ കാർഷിക പ്രതിരോധ ശേഷി വർധിപ്പിക്കുന്നതിനും മൂല്യശൃംഖല ശക്തിപ്പെടുത്തുന്നതിനുമായി ലോകബാങ്ക് ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് കേര (കേരള കാലാവസ്ഥാപ്രതിരോധ മൂല്യാധിഷ്ഠിത പദ്ധതി).

കാർഷിക മേഖലയിലെ മൂല്യവർധനയ്ക്ക് ഉന്നതതല നയ രൂപവൽക്കരണ ഗ്രൂപ്പായിട്ടാണ് മൂല്യവർധിത കാർഷിക മിഷൻ (VAAM ) രൂപീകരിച്ചത്. മൂല്യവർധനവിലൂടെ കർഷകന്റെ വരുമാനം വർധിപ്പിക്കുന്നതിനും നമ്മുടെ ഉൽപന്നങ്ങൾക്ക് ആഗോളവിപണി കണ്ടെത്തുന്നതിനുമുള്ള നയങ്ങൾ രൂപവൽക്കരിക്കും.

കർഷകരുമായി വാണിജ്യബന്ധം സ്ഥാപിക്കുന്നതിനും കൃഷിയെ കാർഷിക-ബിസിനസാക്കി മാറ്റുന്നതിനും മൂല്യവർധന പ്രോത്സാഹിപ്പിക്കുന്നതിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനുമായി കേരള സർക്കാരിന്റെ നേതൃത്വത്തിലുള്ള സിയാൽ മാതൃകയിലുള്ള കമ്പനിയാണ് കാബ്കോ (KABCO ). അഗ്രോപാർക്കുകൾ, അഗ്രോമാളുകൾ, അഗ്രോ ബസാറുകൾ, പച്ചക്കറികൾ, പഴങ്ങൾ, നാണ്യവിളകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനം, ആഭ്യന്തര, അന്തർദേശീയ വിപണികൾ എന്നിവയുടെ സ്ഥാപനം, സർവേകളും സാധ്യതാപഠനങ്ങളും, സംയുക്ത സംരംഭങ്ങളിലെ ഇക്വിറ്റി പങ്കാളിത്തം, മറ്റ് സാമ്പത്തിക ഇടപെടലുകൾ എന്നിവ പ്രവർത്തികമാക്കൽ മുതലായവ കാബ്കോയിലൂടെ വിഭാവനം ചെയ്തിരിക്കുന്നു. മിഷൻ രൂപവൽക്കരിക്കുന്ന നയങ്ങൾ കാബ്കോയിലൂടെയാണ് നടപ്പിലാക്കുന്നത്.■


## Form IV (Rule 8)

### STATEMENT ABOUT OWNERSHIP AND OTHER PARTICULARS OF SAMAKALIKA JANAPADHAM MONTHLY

| | | |
|---|---|---|
| 1. | Place of Publication | Thiruvananthapuram |
| 2. | Periodicity of Publication | Monthly |
| 3. | Printer's Name | TV Subhash IAS |
| | a. Whether citizen of India | Yes |
| | b. Address | Director, Information Public Relations Department<br>Govt. Secretariat, Thiruvananthapuram |
| 4. | Publisher's Name | TV Subhash IAS |
| | a. Whether citizen of India | Yes |
| | b. Address | Director, Information Public Relations Department<br>Govt. Secretariat, Thiruvananthapuram |
| 5. | Editor's Name | TV Subhash IAS |
| | a. Whether citizen of India | Yes |
| | b. Address | Director, Information Public Relations Department,<br>Govt. Secretariat, Thiruvananthapuram |
| 6. | Name and Address of individual who own the newspaper | Government of Kerala |

I, TV Subhash IAS, declare that the particulars given above are true to the best of my knowledge and belief.

Thiruvananthapuram
01-03-2024

sd/-
**TV Subhash IAS**
Publisher

# നവകേരളത്തിന്റെ സുവർണമുദ്രകൾ



## ദരിദ്രരില്ലാത്ത നവകേരളം

അതിദാരിദ്ര്യ നിർമ്മാർജനം ചെയ്ത ഏകസംസ്ഥാനം എന്ന ലക്ഷ്യത്തിലേക്ക് കേരളം നീങ്ങുകയാണ്. നീതി ആയോഗിന്റെ ബഹുമുഖ ദാരിദ്ര്യസൂചികയിൽ ദാരിദ്ര്യം ഏറ്റവും കുറവുള്ള (0.71%) സംസ്ഥാനം കേരളമാണ്. സർവേയിൽ 64,006 അതിദരിദ്ര കുടുംബങ്ങളെയാണ് കേരളത്തിൽ കണ്ടെത്തിയത്. 2025 ഓടെ സംസ്ഥാനത്തെ പൂർണ്ണമായും അതിദാരിദ്ര്യമുക്തമാക്കുകയാണ് ലക്ഷ്യം. അതിദരിദ്ര കുടുംബങ്ങളിലെ 93 ശതമാനത്തേയും 2024 നവംബർ ഒന്നോടെ അതിദാരിദ്ര്യമുക്തരാക്കാൻ കഴിയും.

കേവലം ഭക്ഷണ ലഭ്യതയുടെ കുറവ് മാത്രമല്ല ദാരിദ്ര്യം. ഭക്ഷണം, പാർപ്പിടം, വസ്ത്രം, വിദ്യാഭ്യാസത്തിലൂന്നിയ മനുഷ്യ വിഭവ വികസനം, ജീവിതനിലവാരം, ആരോഗ്യം എന്നിവയിൽ ഏത് മേഖലയിലുമുള്ള സൗകര്യങ്ങളുടെ അഭാവമോ ദൗർലഭ്യമോ ദാരിദ്ര്യമായി കണക്കാക്കാവുന്നതാണ്. അത്തരത്തിൽ ഉള്ളവരെ കണ്ടെത്തി അഞ്ചു വർഷംകൊണ്ട് അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി.

## മാലിന്യമുക്ത നവകേരളം

2024 മാർച്ചിനകം മാലിന്യപ്രശ്നത്തിനു സ്ഥായിയായ പരിഹാരം കാണാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനം. മാലിന്യസംസ്കരണം പൂർണ്ണമായും ഡിജിറ്റൽ ട്രാക്കിങ് സംവിധാനത്തിലാക്കും. നമ്മുടെ പ്രകൃതിസമ്പത്ത് വരുംതലമുറയ്ക്ക് കാത്തുസൂക്ഷിക്കുന്നതിനുള്ള അർഥവത്തായ പ്രവർത്തനങ്ങൾക്കാണ് ഹരിതകേരളം മിഷൻ നേതൃത്വം നൽകുന്നത്. മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്കരണം വരെ ട്രാക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ മോണിറ്ററിംഗ് ഹരിതമിത്രം ആപ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാവർത്തികമാക്കിവരുന്നു. പ്രതിദിനം 150 ടൺ മാലിന്യം സംസ്കരിച്ച് കംപ്രസ്സ്ഡ് ബയോ ഗ്യാസ് ആക്കി മാറ്റാനുള്ള ബി പി സി എല്ലിന്റെ 100 കോടി രൂപയുടെ പദ്ധതിക്ക് മന്ത്രിസഭ അംഗീകാരം നൽകി. അതിന്റെ തുടർനടപടികൾ നടക്കുന്നു.



സംസ്ഥാനത്തെ പകുതിയിലേറെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ശുചിത്വപദവിയിലേക്കെത്തി. 15000 ൽ അധികം സർക്കാർ ഓഫീസുകൾ ഹരിതചട്ടത്തിലേക്ക് മാറി. 95 ശതമാനത്തിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അജൈവ പാഴ്വസ്തു ശേഖരണത്തിനും തുടർ പ്രവർത്തനങ്ങൾക്കുമായി മെറ്റീരിയൽ കളക്ഷൻ സെന്റർ ആരംഭിച്ചു. 33,000 ൽ അധികം ഹരിതകർമ്മ സേനാംഗങ്ങൾ മാലിന്യം വാതിൽപ്പടിയിൽ ശേഖരിക്കുന്നു.

## ഡിജിറ്റൽ വിടവ് നികത്താൻ കെ ഫോൺ

സംസ്ഥാനത്തെ ഡിജിറ്റൽ അടിസ്ഥാനസൗകര്യം ശക്തവും കാര്യക്ഷമവുമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് കെ-ഫോൺ. ആദ്യഘട്ടത്തിൽ 28,376 സർക്കാർ ഓഫീസുകളിൽ കെ ഫോൺ കണക്ഷൻ ഉറപ്പാക്കി. 18,941 ഓഫീസുകളിൽ ഇന്റർനെറ്റ് ലഭ്യമാക്കി. ഡിജിറ്റൽ വിടവ് നികത്താൻ സുശക്തമായ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സംസ്ഥാനത്താകെ സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി



പിന്നാക്കം നിൽക്കുന്ന ഭവനങ്ങളിലേക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് ലഭ്യമാക്കാൻ കെ ഫോൺ സഹായകമാകും. ഓരോ നിയോജകമണ്ഡലത്തിലും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 100 കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് സേവനം ലഭ്യമാക്കി. 4,422 ഗുണഭോക്താക്കൾക്ക് ഇതുവരെ ലഭിച്ചു. സർക്കാർ ഓഫീസുകളിൽ ഇന്റർനെറ്റ് ലഭ്യമാക്കുന്നതോടെ സർക്കാർ സേവനങ്ങൾ പേപ്പർ രഹിതമാകുന്നത് ത്വരിതപ്പെടും. കൂടുതൽ വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്ന ജനസൗഹൃദാന്തരീക്ഷം സർക്കാർ ഓഫീസുകളിലുണ്ടാവാൻ ഇതുപകരിക്കും.

## ഐ ടി രംഗത്ത് വൻ കുതിച്ചുചാട്ടം

ഐ ടി, ഐ ടി ഇതര സേവനങ്ങളിലൂടെ സംസ്ഥാന സമ്പദ്‌വ്യവസ്ഥക്ക് കരുത്തുറ്റ സംഭാവനയായി മാറുകയാണ് ഐടി പാർക്കുകൾ. ഹബ് ആന്റ് സ്പോക് മോഡലിലൂടെ വികേന്ദ്രീകൃത നിക്ഷേപങ്ങളെ ആകർഷിക്കുന്നു. ഐ.ടി ഇടനാഴികളുടെ വിപുലീകരണം, സാറ്റലൈറ്റ് ഐ.ടി പാർക്കുകൾ തുടങ്ങിയവയിലൂടെ വികസനത്തിനും കയറ്റുമതിക്കും ഊന്നൽ.



2016 മുതൽ നാളിതുവരെ ടെക്നോപാർക്കിൽ ഏകദേശം 22,000 തൊഴിലവസരങ്ങൾ, 44,616 കോടി രൂപയുടെ കയറ്റുമതി. ഇന്‍ഫോപാർക്കിൽ ഏകദേശം 37,900 തൊഴിലവസരങ്ങൾ, 40,709 കോടി രൂപയുടെ കയറ്റുമതി. സൈബർ പാർക്കിൽ ഏകദേശം 2,100 തൊഴിലവസരങ്ങൾ, 215.73 കോടി രൂപയുടെ കയറ്റുമതി.

സുസ്ഥിര ഐടി അന്തരീക്ഷം സ്വായത്തമാക്കാൻ ഉന്നമിടുന്ന മൂന്ന് ഐടി പാർക്കുകളിലായി ഒരുലക്ഷത്തോളം പേർ തൊഴിലെടുക്കുന്നുണ്ട്. 2022- 23 ബഡ്ജറ്റിൽ വിഭാവനം ചെയ്ത കേരള ഐ.ടി കോറിഡോറിന്റെ ഭാഗമായാണ് തലസ്ഥാനത്ത് ടെക്നോപാർക്കും വ്യവസായനഗരമായ കൊച്ചിയിൽ ഇൻഫോപാർക്കും കോഴിക്കോട് സൈബർ പാർക്കും ഇപ്പോൾ പ്രവർത്തിക്കുന്നത്. നിലവിലെ കണക്ക് അനുസരിച്ച് 1,50,000 ത്തിൽ അധികം പ്രൊഫഷനലുകൾ 1200 ഓളം കമ്പനികളിലായി ഐ.ടി പാർക്കുകളിൽ ജോലി ചെയ്യുന്നുണ്ട്.



## വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ സ്വപ്നസാഫല്യം

കേരളം കാത്തിരുന്ന അഭിമാനപദ്ധതി വിഴിഞ്ഞം തുറമുഖം സാഫല്യത്തിലേക്ക്. ആദ്യ കപ്പൽ ഒക്ടോബർ 15ന് എത്തി. 7700 കോടി രൂപ മുതൽ മുടക്കിൽ PPP അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന വിഴിഞ്ഞം തുറമുഖത്തിന്റെ ഗേറ്റ് കോംപ്ലക്സിന്റെയും, വർക് ഷോപ്പ് ബിൽഡിംഗിന്റെയും നിർമ്മാണം പൂർത്തിയായി. വിഴിഞ്ഞം നിവാസികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് 50 കോടി രൂപ ചെലവിൽ അസാപ് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പണി പൂർത്തിയായി. .

## ഇ ഹെൽത്ത് ആരോഗ്യ സേവനങ്ങൾ ഒറ്റ കുടക്കീഴിൽ

സംസ്ഥാനത്തെ 594 ആശുപത്രികളിൽ ഇ ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കാര്യക്ഷമമായ രീതിയിൽ ആരോഗ്യസേവനങ്ങൾ ലഭ്യമാക്കാനായി രൂപീകരിച്ച ഏകീകൃത



ചട്ടക്കൂടാണ് ഇ ഹെൽത്ത് . ഒരാൾ ആശുപത്രിയിലെത്തി മടങ്ങുന്നതുവരെ എല്ലാ ആരോഗ്യസേവനങ്ങളും ഇ ഹെൽത്ത് സംവിധാനത്തിലൂടെ ഒരൊറ്റ കുടക്കീഴിൽ ഓൺലൈൻ വഴി ചെയ്യാൻ കഴിയും. ഈ പദ്ധതിയിലൂടെ ഓൺലൈനായി വീട്ടിലിരുന്ന് തന്നെ ഒപി ടിക്കറ്റും ആശുപത്രി അപ്പോയ്മെന്റെടുക്കാനും സാധിക്കും.

## വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ അറിവിലൂടെ വികസനം

കേരളത്തിൽ ഒരു വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുന്നതിനും നമ്മുടെ മനുഷ്യവിഭവശേഷിക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും സംസ്ഥാന സർക്കാർ തുടക്കംകുറിച്ച പദ്ധതിയാണ് കേരള നോളജ് ഇക്കോണമി മിഷൻ. അഞ്ചുവർഷംകൊണ്ട് 20 ലക്ഷം തൊഴിലവസരങ്ങൾ

ലഭ്യമാക്കുകയാണ് ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിന് നൈപുണ്യപരിശീലനം, വ്യവസായ പുനഃസംഘടന, കാർഷിക നവീകരണം എന്നിവയ്ക്ക് കൃത്യമായ പരിപാടികൾ തയ്യാറാക്കി. കേരള നോളജ് എക്കണോമി മിഷന്റെ നേതൃത്വത്തിൽ നൈപുണ്യപരിശീലനം നൽകുന്നതിനായി തൊഴിൽ അന്വേഷകരുടെ വിവരസഞ്ചയം പ്രാദേശിക സർക്കാരുകളുമായും കുടുംബശ്രീയുമായും ഏകോപിപ്പിച്ച് 80




ലക്ഷം വീടുകളിൽ സർവേ പൂർത്തിയാക്കിയിട്ടുണ്ട്. എൻജിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ എച്ച് ആർ ഡി, സി ഡിറ്റ് മുതലായവയുടെ പരിശീലനപരിപാടികൾ നോളജ് മിഷന്റെ സ്കിൽ പോർട്ടലിന്റെ ഭാഗമാക്കിയിട്ടുണ്ട്. ഡിജിറ്റൽ മാനേജ്മെന്റ് വർക്ക് ഫോഴ്സ് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്യുവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം നടത്തി വരുന്നു.

## ലൈഫ് എല്ലാവർക്കും അടച്ചുറപ്പുള്ള വീട്

3,74,508 വീടുകളാണ് ലൈഫ് പദ്ധതിയിലൂടെ ഭവനരഹിതർക്ക്






കൈമാറിയത്. 1,19,163 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.. നാല് ബഹുനില ഭവനസമുച്ചയങ്ങൾ പൂർത്തീകരിച്ചു. 2017-18 മുതൽ 2024 ജനുവരി വരെ ലൈഫ് പദ്ധതിക്കായി 17104.81 കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിച്ചു.

കേരളത്തിലെ പാർപ്പിടരംഗം നേരിടുന്ന ബഹുവിധമായ പ്രശ്നങ്ങൾക്ക് തനതായ പരിഹാരസമീപനങ്ങളാണ് ലൈഫ് മിഷനിലൂടെ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായാണ് നടപ്പിലാക്കുന്നത്. സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെ ഭവന നിർമ്മാണം ആരംഭിക്കുകയും നിർമ്മാണം നിലച്ച ഭവനങ്ങളുടെ പൂർത്തീകരണവുമായിരുന്നു ഒന്നാംഘട്ടത്തിൽ ലക്ഷ്യമിട്ടത്. രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരുടെ പുനരധിവാസമാണ് നടപ്പിലാക്കിവരുന്നത്. ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസമായിരുന്നു ലൈഫ് മൂന്നാംഘട്ടത്തിൽ ലക്ഷ്യമിട്ടത്.

## ഡിജിറ്റൽ സയൻസ് പാർക്ക്

കേരളം ഒരു വിജ്ഞാനസമ്പദ് വ്യവസ്ഥയായി മാറുമെന്ന വാഗ്ദാനം പാലിക്കുന്നതിന്റെ ആദ്യ ചുവടുവയ്പ്പാണ് ഡിജിറ്റൽ സയൻസ് പാർക്ക് തിരുവനന്തപുരം പള്ളിപ്പുറത്തുള്ള ടെക്നോസിറ്റി ക്യാമ്പസിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയോട് ചേർന്നാണ് ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നത്.

ഇലക്ട്രോണിക് ഉൽപന്ന ഡിസൈനിങ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസിലും ഏർപ്പെട്ടിരിക്കുന്ന വ്യവസായങ്ങളെയും സ്റ്റാർട്ടപ്പുകളെയും പിന്തുണയ്ക്കുന്നതിനുള്ള സൗകര്യങ്ങളോടെ രണ്ടു മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ടാണ് ഡിജിറ്റൽ സയൻസ് പാർക്കിന്റെ ആദ്യഘട്ടം 2023 ആഗസ്റ്റിൽ പ്രവർത്തനം ആരംഭിച്ചത്. 1,50,000 ചതുരശ്രയടിയുള്ള ആദ്യ കെട്ടിടത്തിൽ അഞ്ച് നിലകളിലായി റിസർച്ച് ലാബുകളും ഡിജിറ്റൽ ഇൻകുബേറ്ററും ഉൾപ്പെടെ സെന്റർ ഓഫ് എക്സലൻസുകൾ ഉണ്ടാകും.

## ആശ്വാസത്തിന്റെ പുനർഗേഹം

തീരദേശജനതക്ക് ആശ്വാസത്തിന്റെ പച്ചതുരുത്ത് ഒരുക്കുന്ന പദ്ധതിയാണ് പുനർഗേഹം. ദുരന്തമുഖത്ത് നിന്നും വസ്തുവകകൾ നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരെ ലക്ഷ്യമിട്ടാണ് പുനർഗേഹം പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 3,917 (3,612 വീടുകളും 390 ഫ്ലാറ്റുകളും. നിർമ്മാണത്തിലിരിക്കുന്ന 944



ഫ്ളാറ്റുകൾ കൂടി കണക്കിലെടുത്താൽ, ആകെ 4,946) കുടുംബങ്ങളെയാണ് ഇതുവരെ പ്രതീക്ഷകളുടെ തീരത്തേക്ക് സംസ്ഥാന സർക്കാർ കൈപിടിച്ചുയർത്തിയത്.

തീരദേശത്തെ വേലിയേറ്റരേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് 2,450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയാണ് പുനർഗേഹം. പദ്ധതി നടപ്പാക്കുന്നതിന് 1,398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബാക്കി 1,052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ

നിന്നുമാണ് കണ്ടെത്തുന്നത്. വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡന്റ്സ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ടുമെന്റുകൾ, സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ളാറ്റ് എന്നിവയിലൂടെയുമാണ് പുനരധിവാസം ഉറപ്പാക്കുന്നത്. ഭൂമി കണ്ടെത്തുവാൻ സാധിക്കാത്ത ഗുണഭോക്താക്കൾക്കായി സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ച് കൈമാറുന്നുണ്ട്.

## സംരംഭക വർഷം
# സമാനതകളില്ലാത്ത സംരംഭക മുന്നേറ്റം

കേരള ചരിത്രത്തിലെ സമാനതകളില്ലാത്ത സംരംഭക മുന്നേറ്റമാണ് സംരംഭക വർഷം പദ്ധതിയിലൂടെ സാധ്യമായത്. പദ്ധതി ആരംഭിച്ച 2022 ഏപ്രിൽ 1 മുതൽ നാളിതുവരെ 139,840 സംരംഭങ്ങൾ ആരംഭിച്ചു. ഇത് വഴി സംസ്ഥാനത്ത് 8422 കോടി രൂപയുടെ നിക്ഷേപവും 3,00,051 തൊഴിലും സൃഷ്ടിച്ചു. ഇതിൽ 45,107 സംരംഭങ്ങൾ ആരംഭിച്ചത് വനിതകൾ ആണ്. ട്രാൻസ് ജൻഡർ വിഭാഗത്തിൽ നിന്നും 14 പേർ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ 2022 - 23 സാമ്പത്തിക വർഷം ആവിഷ്കരിച്ച പദ്ധതി എട്ട് മാസത്തിനുള്ളിൽ തന്നെ ലക്ഷ്യം കൈവരിച്ചിരുന്നു.

സംരംഭക വർഷത്തിന്റെ ഭാഗമായി പുതിയ സംരംഭങ്ങളെ വിപുലപ്പെടുത്തുവാൻ കൂടുതൽ പദ്ധതികൾക്ക് വ്യവസായ വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഹെൽപ് ഡെസ്കുകൾ മുതൽ എംഎസ്എംഇ ക്ലിനിക്കുകൾ വരെ സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും പ്രൊഫഷണലുകളെ നിയമിച്ചു. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കണക്കുകൾ സൂക്ഷിക്കുന്നതിനും ഓൺലൈൻ പോർട്ടൽ ആരംഭിച്ചു.



വ്യവസായവകുപ്പിനു കീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെ എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റി. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 4% പലിശക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീമും കൊണ്ടുവന്നു,.

ക്യാംപസ് വ്യവസായ പാർക്കുകൾ യാഥാർഥ്യമാക്കുന്നതിനുള്ള പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭൂമി വ്യവസായങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനുള്ള പബ്ളിക് പഞ്ചായത്ത് പാർട്ട്ണർഷിപ്പ് പദ്ധതി, ഇതര സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ഉൽപന്നങ്ങൾ തദ്ദേശീയമായി ഉൽപാദിപ്പിക്കുന്നതിനുള്ള 'മെയ്ക്ക് ഇൻ കേരള' പദ്ധതി എന്നിവയും സംരംഭകവർഷത്തിന്റെ തുടർച്ചയായി ആവിഷ്കരിച്ച പദ്ധതികളാണ്.

# പാതകൾ അതിവേഗം
## പൂർത്തീകരണത്തിലേക്ക്

കേരളത്തിന്റെ ദീർഘകാല ആവശ്യമായിരുന്ന മുംബൈ മുതൽ കന്യാകുമാരി വരെ നീളുന്ന ദേശീയ പാത - 66 ൻറെ വികസനം അതിവേഗം പുരോഗമിക്കുന്നു. രാജ്യത്ത് ആദ്യമായി ദേശീയ പാതാ വികസനത്തിന് ഭൂമി ഏറ്റെടുക്കലിന് 25 ശതമാനം തുക കേരളം നല്കി. കേരളം കൈമാറിയത് 5580 കോടി രൂപ.

കഴക്കൂട്ടം എലവേറ്റഡ് ഹൈവേ തുറന്നു കൊടുത്തു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ 21 പദ്ധതികളാണ് പുരോഗമിക്കുന്നത്. ഇതിൽ മൂന്ന് പദ്ധതികൾ പൂർത്തിയായി. രണ്ടെണ്ണം അന്തിമ ഘട്ടത്തിലാണ്. മറ്റിടങ്ങളിൽ പ്രവർത്തനം പുരോഗമിക്കുന്നു. ദേശീയപാത 66 ൽ അരൂർ-തുറവൂർ റീച്ചിൽ 12.75 കിലോ മീറ്റർ ദൂരം ആറു വരി എലവേറ്റഡ് ഹൈവേ ആയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇവിടെയും പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ എല്ലാ പിന്തുണയും സംസ്ഥാന സർക്കാർ നൽകുന്നുണ്ട്.

ദേശീയ പാത - 66 ന് പുറമെ മറ്റ് ദേശീയപാതകളുടെ വികസനവും കേരളത്തിൽ സാധ്യമാക്കാൻ ശ്രമിക്കുകയാണ്.

ദേശീയപാത 85ൽ കൊച്ചി-മൂന്നാർ-



തേനി നാലുവരിപാത, ദേശീയപാത 544ൽ വാളയാർ-വടക്കാഞ്ചേരി ആറുവരി പാത, തൃശ്ശൂർ-അങ്കമാലി ആറുവരി പാത, തിരുവനന്തപുരം-കോട്ടയം -അങ്കമാലി നാലുവരി പാത, മലപ്പുറം-കുട്ട എക്കണോമിക് കോറിഡോർ എന്നീ പ്രവൃത്തികളുടെ പദ്ധതിരേഖയും തയ്യാറാക്കുന്നുണ്ട്. ഭൂമി ഏറ്റെടുക്കലിന് ഒന്നാംഘട്ട അനുമതിയും ലഭ്യമായി.

133.68 കിലോമീറ്റർ മലയോര ഹൈവേ ഇതിനകം യാഥാർഥ്യമായിക്കഴിഞ്ഞു. തീരദേശ ഹൈവേയിൽ 52 സ്ട്രെച്ചുകൾ, 623 കിലോമീറ്റർ. കിഫ്ബിയിൽ ഉൾപ്പെടുത്തി 44 സ്ട്രെച്ചുകൾ, 537 കിലോമീറ്റർ ദൂരം വികസിപ്പിക്കും. 415 കിലോമീറ്റർ ദൂരം ഭൂമി ഏറ്റെടുക്കലിന് സാമ്പത്തിക അനുമതി. ഭൂമി വിട്ടു നല്കുന്നവർക്ക് പ്രത്യേക പുനരധിവാസ പാക്കേജ്.

ദേശീയപാത വികസനത്തിനൊപ്പം മലയോരപാത, തീരദേശപാത, ലെവൽക്രോസുകളില്ലാത്ത കേരളം തുടങ്ങിയ പദ്ധതികൾ ചേർന്ന് കേരളത്തിൻറെ വികസനം കൂടുതൽ തിളക്കമുള്ളതാകും.■

# പൊള്ളുന്ന വെയിലല്ലേ വെയിലത്ത് വാടൊല്ലേ

കൊടുംവേനലിന്റെ അന്തരീക്ഷമാണ്. ഉയർന്ന ചൂടാണ് കേരളത്തിലെങ്ങും റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഏറെ കരുതൽ വേണ്ട ദിനങ്ങളാണ് വരുന്നത്. പരീക്ഷക്കാലമായതിനാൽ കുട്ടികൾക്കും ശ്രദ്ധ കൊടുക്കേണ്ടതുണ്ട്. മനുഷ്യർ മാത്രമല്ല വളർത്തുമൃഗങ്ങളും പൊള്ളുന്ന ചൂടിന്റെ ആഘാതം നേരിടേണ്ടിവരും.

വേനൽ താപനില കൂടുന്ന സാഹചര്യത്തിൽ ആരോഗ്യവകുപ്പ് പൊതുജനങ്ങൾക്കായി ജാഗ്രതാ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ചൂട് വർധിക്കുന്നത് കാരണം നിർജലീകരണവും ദേഹാസ്വാസ്ഥ്യവും ഉണ്ടാകാനുള്ള സാധ്യതയുള്ളതിനാൽ ദാഹം തോന്നിയില്ലെങ്കിലും ധാരാളം വെള്ളം കുടിക്കണം.

സൂര്യാതപമേൽക്കാനുള്ള സാധ്യതയുള്ളതിനാൽ നേരിട്ട് വെയിൽ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കണം. വെയിലത്ത് ജോലി ചെയ്യേണ്ടി വരുന്ന അവസരങ്ങളിൽ പകൽ 11 മണി മുതൽ 3 മണിവരെയുള്ള സമയം വിശ്രമവേളയായി പരിഗണിച്ച് ജോലി സമയം ക്രമീകരിക്കണം. കൂടുതൽ സമയം വെയിലത്ത് ജോലി ചെയ്യുന്നവരിൽ നേരിട്ട് വെയിൽ ഏൽക്കുന്ന ശരീരഭാഗങ്ങൾ സൂര്യാതപമേറ്റ് ചുവന്ന് തടിക്കുകയും വേദനയും പൊള്ളലും ഉണ്ടാകുകയും ചെയ്യാം. ഇവർ ഡോക്ടറെ കണ്ട് ഉടനടി ചികിത്സ തേടണം. പൊള്ളിയ കുമിളകൾ ഉണ്ടെങ്കിൽ പൊട്ടിക്കരുത്. അന്തരീക്ഷത്തിലെ ചൂട് കൂടുമ്പോൾ ശരീരം കൂടുതലായി വിയർക്കുകയും ജലവും ലവണങ്ങളും നഷ്ടപ്പെട്ട് പേശിവലിവ് അനുഭവപ്പെടുകയും ചെയ്യും. ഉപ്പിട്ട കഞ്ഞിവെള്ളം, നാരങ്ങാവെള്ളം, കരിക്കിൻവെള്ളം തുടങ്ങിയവ ധാരാളമായി കുടിച്ച് വിശ്രമിക്കുകയും ആരോഗ്യസ്ഥിതി മെച്ചപ്പെട്ടില്ലെങ്കിൽ അടുത്തുള്ള ആശുപത്രിയിൽ ചികിത്സ തേടുകയും വേണം.



വാട്ടർ ബെൽ പദ്ധതിയുടെ ഉദ്ഘാടന വേളയിൽ.
ചിത്രം: അനിൽകുമാർ വി.എം, പിആർഡി

## സൂര്യാഘാതം

അന്തരീക്ഷതാപം ഒരു പരിധിക്കപ്പുറം ഉയർന്നാൽ മനുഷ്യശരീരത്തിലെ താപനിയന്ത്രണ സംവിധാനങ്ങൾ തകരാറിലാവുകയും ശരീരത്തിലുണ്ടാവുന്ന താപം പുറത്തേക്ക് കളയുന്നതിന് തടസം നേരിടുകയും ചെയ്യുന്നു. ഇത് ശരീരത്തിന്റെ പല നിർണ്ണായകപ്രവർത്തനങ്ങൾക്കും തടസം സൃഷ്ടിക്കും. ഈ അവസ്ഥയാണ് സൂര്യാഘാതം.

## രോഗ ലക്ഷണങ്ങൾ

വളരെ ഉയർന്ന ശരീരതാപം (103 ഡിഗ്രി ഫാരൻഹീറ്റ്), വറ്റി വരണ്ട് ചുവന്ന ചൂടായ ശരീരം, ശക്തിയായ തലവേദന, തലകറക്കം, മന്ദഗതിയിലുള്ള നാഡിമിടിപ്പ്, മാനസികാവസ്ഥയിലുള്ള മാറ്റങ്ങൾ തുടങ്ങിയവയും ഇതേ തുടർന്നുള്ള അബോധാവസ്ഥയും സൂര്യാഘാതം മൂലം ഉണ്ടായേക്കാം.



ഉടൻ തന്നെ ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

## സൂര്യാതപമേറ്റുള്ള താപ ശരീരശോഷണം

സൂര്യാഘാതത്തേക്കാൾ കുറച്ചു കൂടി കാഠിന്യം കുറഞ്ഞ അവസ്ഥയാണ് താപശരീരശോഷണം. കനത്ത ചൂടിനെ തുടർന്ന് ശരീരത്തിൽ നിന്ന് ധാരാളം ജലവും ലവണങ്ങളും വിയർപ്പിലൂടെ നഷ്ടപ്പെടുന്നതിനെ തുടർന്ന് ഉണ്ടാകുന്ന അവസ്ഥ.

## ലക്ഷണങ്ങൾ

ക്ഷീണം, തലകറക്കം, തലവേദന, പേശിവലിവ്, ഓക്കാനവും ഛർദ്ദിയും, അസാധാരണമായ വിയർപ്പ്, കഠിനമായ ദാഹം, മൂത്രത്തിന്റെ അളവ് തീരെ കുറയുകയും കടും മഞ്ഞനിറമാകുകയും ചെയ്യുക, ബോധക്ഷയം എന്നിവ. ശരിയായ രീതിയിൽ ചികിത്സിച്ചില്ലെങ്കിൽ താപശരീര ശോഷണം സൂര്യാഘാതത്തിന്റെ അവസ്ഥയിലേക്ക് മാറിയേക്കാം.

## ചെയ്യേണ്ട കാര്യങ്ങൾ

• സൂര്യാഘാതം ഏറ്റതായി സംശയം തോന്നിയാൽ വെയിലുള്ള സ്ഥലത്ത് നിന്ന് തണുത്ത സ്ഥലത്തേക്ക് മാറി വിശ്രമിക്കണം.

•ധരിച്ചിരിക്കുന്ന കട്ടി കൂടിയ വസ്ത്രങ്ങൾ നീക്കം ചെയ്യുക.

•തണുത്ത വെള്ളം കൊണ്ട് ശരീരം തുടക്കുക.

•ധാരാളം പാനീയങ്ങൾ കുടിക്കാൻ നൽകുക.

•ഫലങ്ങളും സാലഡുകളും കഴിക്കുക.

•ആരോഗ്യസ്ഥിതിമെച്ചപ്പെടുന്നില്ലെങ്കിലോ ബോധക്ഷയം ഉണ്ടാകുകയോ ചെയ്താൽ അടുത്തുള്ള ആശുപത്രിയിലെത്തിച്ച് ചികിത്സ ഉറപ്പുവരുത്തുക.

## പ്രത്യേക ശ്രദ്ധ വേണ്ടവർ

മുതിർന്ന പൗരന്മാർ (65 വയസിന് മുകളിൽ), ഗർഭിണികൾ, കുഞ്ഞുങ്ങൾ (നാല് വയസിന് താഴെയുള്ളവർ), ഗുരുതരമായ രോഗമുള്ളവർ, വെയിലത്ത് ജോലി ചെയ്യുന്നവർ

## പ്രതിരോധ മാർഗങ്ങൾ

• വേനൽക്കാലത്ത് പ്രത്യേകിച്ച് ചൂടിന് കാഠിന്യം കൂടുമ്പോൾ ദാഹം തോന്നിയില്ലെങ്കിൽ പോലും ധാരാളം വെള്ളം കുടിക്കുക.

• യാത്രകളിൽ തിളപ്പിച്ചാറ്റിയ വെള്ളം കയ്യിൽ കരുതുക.

• നിർജലീകരണം ഉണ്ടാക്കുന്ന പാനീയങ്ങളായ മദ്യം, ചായ, കാപ്പി, കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്കുകൾ എന്നിവ പകൽസമയത്ത് ഒഴിവാക്കുക.

• വെയിലത്ത് ജോലി ചെയ്യേണ്ടി വരുന്ന അവസരങ്ങളിൽ പകൽ 11 മുതൽ 3 മണിവരെയുള്ള സമയം വിശ്രമവേളയായി പരിഗണിച്ച് ജോലി സമയം ക്രമീകരിക്കുക.

• കുട്ടികളെ വെയിലത്ത് കളിക്കാൻ അനുവദിക്കാതിരിക്കുക. കുട്ടികൾക്ക് ജലലഭ്യത ഉറപ്പുവരുത്തുക.

• കുട്ടികളെയും വളർത്ത് മൃഗങ്ങളെയും വെയിലത്ത് പാർക്ക് ചെയ്ത വാഹനങ്ങളിൽ ഇരുത്തരുത്.

• ഉച്ചവെയിലിൽ കന്നുകാലികളെ മേയാൻ വിടുന്നതും വളർത്തുമൃഗങ്ങളെ വെയിലത്ത് കെട്ടിയിടുന്നതും ഒഴിവാക്കണം. മൃഗങ്ങൾക്കും പക്ഷികൾക്കും ജലലഭ്യത ഉറപ്പാക്കുക.

• കാറ്റ് കയറി ചൂട് പുറത്ത് പോകത്തക്ക രീതിയിൽ വീടിന്റെ വാതിലുകളും ജനലുകളും തുറന്നിടുക.

• കട്ടി കുറഞ്ഞതും വെളുത്തതോ ഇളം നിറത്തിലുള്ളതോ ആയ അയഞ്ഞ വസ്ത്രങ്ങൾ ധരിക്കുക.

• പുറത്തിറങ്ങുമ്പോൾ പാദരക്ഷകൾ, കുട/തൊപ്പി എന്നിവ ഉപയോഗിക്കുക.

## സ്കൂളുകളിൽ വാട്ടർബെൽ പദ്ധതി

സംസ്ഥാനത്ത് ഉയർന്ന ചൂട് റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ സ്കൂളുകളിൽ കുട്ടികൾ മതിയായ അളവിൽ ശുദ്ധജലം കുടിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇതിന്റെ ഭാഗമായാണ് വാട്ടർ ബെൽ സംവിധാനം പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്കൂളുകളിലും നടപ്പിലാക്കിയത്. കുട്ടികൾക്ക് വെള്ളം കുടിക്കുന്നതിനായി രാവിലെ 10.30നും ഉച്ചക്ക് 2.00 മണിക്കും വാട്ടർ ബെൽ മുഴക്കി അഞ്ച് മിനിറ്റ് വീതം പ്രത്യേക ഇടവേളകൾ അനുവദിക്കും. വെള്ളം വീട്ടിൽനിന്നും കൊണ്ടുവരാത്ത വിദ്യാർഥികൾക്കായി സ്കൂളുകളിൽ ശുദ്ധജലം ഉറപ്പാക്കും.■

എഴുത്തും ചിത്രങ്ങളും
രമേഷ് കുമാർ വെള്ളമുണ്ട



# തിടമ്പേറ്റുന്ന വയനാടൻ ഗ്രാമങ്ങൾ

കേരളത്തിന്റെ ഉത്സവകലണ്ടറുകളിൽ മലബാറിന് ഇത് തെയ്യക്കാലമാണ്. ചുരത്തിന് മുകളിൽ വയനാട്ടിൽ ഇത് തിറകളുടെയും കാലമാണ്. നാടിന്റെ കൂട്ടായ്മയിൽ നിറമണിയുന്ന ഈ ഉത്സവകാലം ഗ്രാമങ്ങളിലേക്ക് സഞ്ചാരികളെയും വരവേൽക്കുന്നു. ഗോത്രജനതയും പങ്കുചേരുന്ന ഈ ഉത്സവങ്ങളിലെല്ലാം ആദിവാസി മൂപ്പൻമാർക്കും പ്രഥമ സ്ഥാനമുണ്ട്. തിറക്കളങ്ങളിൽ പനയോല പന്തലൊരുക്കി ഇവരും ഈ ഗ്രാമീണ ഉത്സവങ്ങളുടെ ഭാഗമാകുന്നു.

ഉത്തരമലബാറിലെ തെയ്യക്കോലങ്ങളിൽ നിന്നും വിഭിന്നമാണ് വയനാട്ടിലെ തെയ്യങ്ങൾ. അത്രയധികം നാട്ടുപെരുമകളോട് അടുത്തുനിൽക്കുന്ന പുരാവൃത്തങ്ങൾ വയനാട്ടിലെ കാവുകൾക്കും തിറക്കളങ്ങൾക്കുമില്ല. മലബാറിൽ മലയർ, വണ്ണാൻ, വേലൻ, കോപ്പാളൻ, മാവിലൻ, ചിങ്ങത്തൻ, പാണൻ, പറയൻ, പമ്പാതരവൻ, അന്നൂട്ടൻ, മുന്നൂറ്റൻ മുതലായവരാണ് തെയ്യങ്ങളുടെ കോലധാരികൾ. എന്നാൽ വയനാട്ടിലെ തിറക്കളങ്ങളിൽ മുന്നൂറ്റ സമുദായവും മലയ സമുദായവുമാണ് വേഷമണിയുന്നത്. ചാമുണ്ഡി, രക്തചാമുണ്ഡി, കുട്ടിച്ചാത്തൻ, കരിങ്കുട്ടിച്ചാത്തൻ, ഭഗവതി, വസൂരിമാല തിറകളാണ് വയനാട്ടിൽ പ്രധാനമായുമുള്ളത്. വെള്ളാട്ടവും മുത്തപ്പൻ തിറയും തിറക്കളങ്ങൾക്ക് സ്വന്തമാണ്. ദേവതകളെ ആദരിക്കുന്ന തോറ്റംപാട്ടുകളും ഇവർക്കിടയിലുണ്ട്. ഇവയെല്ലാം വാമൊഴിയായി തലമുറകളിലേക്ക് കൈമാറ്റം ചെയ്തുവന്നതാണ്. മാറുന്ന കാലത്തിലും പുതിയ തലമുറകളോട് തെയ്യങ്ങളും സംവദിക്കുന്നു. കാലത്തിന്റെ തിരുത്തലുകളിൽ ദൈവം കൽപ്പിക്കുന്നതാണ് നീതി. ഉത്സവങ്ങളെയും ബന്ധുജനങ്ങളെയും നാടിനെയും കൂട്ടുപിടിച്ച് ആയുരാരോഗ്യത്തോടെ പുലരാൻ തിറക്കളങ്ങളിൽ നിന്നും തെയ്യങ്ങൾ കൽപ്പിക്കുന്നു. ഇതിനുവിധേയമായുള്ള തലമുറകളുടെ പുണ്യങ്ങളാണ് ഈ തിറക്കളങ്ങളെയും വരും കാലത്തിനായി നിലനിർത്തുന്നത്.

## നിറമെഴുതുന്ന ഉത്സവഗ്രാമങ്ങൾ

ഒരോ തിറക്കഴകങ്ങളിലും ദേവതകളും ഉപദേവതകളുമുണ്ട്. പ്രത്യേകം തിറകൾ നടക്കുന്ന ക്ഷേത്രങ്ങളും വയനാട്ടിലുണ്ട്. കുംഭത്തിൽ പതിവ് തെറ്റാതെ നടക്കാറുള്ള തോണിച്ചാൽ മലക്കാരി

ക്ഷേത്രത്തിലെ ഉരുളിൻമേൽ തിറയെല്ലാം ഇതിൽ വേറിട്ട കാഴ്ചാനുഭവങ്ങളാണ്. അസുരചെണ്ടയിൽ താളം മുറുകുമ്പോൾ ഇവിടെയെല്ലാം ഉത്സവമേളവും നിറയുന്നു. ചിരപുരാതനമായ അനുഷ്ഠാനങ്ങളെ പിന്തുടരുന്ന കാവുകളും ഉത്സവകാലങ്ങളെ അത്യധികം ആവേശത്തോടെ ഇക്കാലത്തും നെഞ്ചിലേറ്റുന്നു.

പുതാടി മുതൽ പുറക്കാടി വരെയാണ് വയനാട്ടിലെ ഉത്സവകാലം . തുലാം മാസം കഴിഞ്ഞ് മഴക്കാലം തുടങ്ങുന്നതിന് മുമ്പ് വരെയും വയനാട്ടിൽ പിന്നെ ഉത്സവങ്ങൾ ഒഴിഞ്ഞ നേരമില്ല. കാർഷിക വയനാടിന്റെ വിളവെടുപ്പ്കാലം മുതൽ പിന്നെ ഒരു കൃഷിക്കാലത്തിന്റെ തുടക്കം വരെയും ഈ കാവുകളുടെയും കാലമാണ്. ചെണ്ടയും മേളങ്ങളുമായി രണ്ട് മൂന്ന് ദിനങ്ങൾ നീണ്ടുനിൽക്കുന്നതാണ് വയനാടിന്റെ തിറയാട്ടങ്ങൾ.

## നിർവൃതിയുടെ മടക്കങ്ങൾ


ഉത്തര കേരളത്തിന്റെ ഉത്സവങ്ങളെല്ലാം കാർഷിക പാരമ്പര്യത്തിൽ കൂടി അധിഷ്ഠിതമാണ്. കൃഷിയിടത്തിൽ നിന്നുള്ള വിളവെടുപ്പിന്റെ മഹോത്സവം കൂടിയാണത്. ജൂൺ മുതൽ ആറ് മാസം ആർത്തലച്ച് മഴപെയ്യുമ്പോഴാണ് കർഷകരെല്ലാം കൃഷിയിൽ വ്യാപൃതരാവുക. ഇതിന് ശേഷം വിളവെടുപ്പ് കാലവുമാണ്. പുതുമഴ പെയ്ത് തുടങ്ങുമ്പോഴേക്കും അടുത്ത വർഷത്തേക്കുള്ള കൃഷിയുടെ ആരവങ്ങൾ തുടങ്ങുകയായി. ഇതിനിടയിൽ തിറയായും തെയ്യങ്ങളായും ഈ നാട് അനുഗ്രഹീതമാകുന്നു. കുടുംബത്തോടെ ഉത്സവങ്ങളിൽ പങ്ക് കൊള്ളുകയും മടങ്ങുകയും ചെയ്യുകയെന്നതും കാലങ്ങളായുള്ള ശീലങ്ങളാണ്. ഉത്സവങ്ങളിലേക്ക് എഴുന്നെള്ളിച്ച മലദൈവങ്ങളെയെല്ലാം തിരിച്ച് മലകളിലേക്ക് തന്നെ യാത്രയാക്കി കൃഷിയിടങ്ങളിലേക്ക് വയനാടൻ ജനത മടങ്ങുന്നു. മഴ കഴിഞ്ഞ് പിന്നെ ഒരുത്സവം തിരികെ എത്തുന്നത് വരെയുമാണ് പിന്നെയുള്ള കാത്തിരിപ്പ്. ഈ കാത്തിരിപ്പുകൾക്കിടയിൽ ദൈവങ്ങളെല്ലാം കാവുകളിലുറങ്ങുന്നു.■





License to Post without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: **01.03.2024**
KERMAL2014/58028 Price: **12.00**
Reg. No. KL/TV(N)/660/2022-2024




Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS